

തിരുഹൃദയസ്നേഹിതനായ മാർ യൌസേപ്പേ, ഞങ്ങൾക്കു
വേണ്ടി അപേക്ഷിക്കണമെ.

(൩൦൦ ദി. ദ. വി.)

# കർമ്മലകുസുമം.

പുസ്തകം ൨൩.) മാർച്ച് (ലക്കം ൩.

# മാർ യൌസേപ്പു കീർത്തനം.

(ശ്രീമാൻ കെ. ഐ. പോൾ.)

ദേശികതോടി. ആദിതാളം.

(ശിവഷൺമുഖ ഉന്നിത്താൽ എണ്ണിടാം. എന്ന മട്ട്)

1. പുണ്യവാൻ—നിൻനന്മകൾ എണ്ണിയാൽ— എണ്ണം തീരാ
ഗണ്യനാം— മമ— മാർ യൌസേപ്പേ!
ഉന്നതനീശോയേയും — കന്യകമേരിയേയും
ഖിന്നതയെന്യേ മന്നിൽ — പാലനംചെയ്ത താത!
2. പുണ്യവാന്മാർക്കും— വിശുദ്ധ പുണ്യവാൻ— ആയിവിളങ്ങും
തിരുവുണ്ണിയെ വളർത്തിയ പുണ്യതാത!
പാരിലന്തമില്ലാതെ — പരിതാപാൽ വലയുന്ന
പൈതങ്ങളെ നിത്യം — പാലനംചെയ്ക നാഥാ! (പുണ്യ)
3. ധന്യനേ! ഉന്നത കന്യകതൻ— മന്നിടനായകനെ
മന്നനേശുനായകൻ— സംരക്ഷകാ!
ഈശോ മറിയം, യൌസേപ്പ — എന്ന നാമങ്ങൾ ചൊല്ലി
ഞങ്ങൾ ജീവൻ പിരിവാൻ— തുണയ്ക്ക നാഥാ! (പുണ്യ)

# പ്രസാധകക്കുറിപ്പുകൾ.

## മീനമാസം.

കേരളീയ കത്തോലിക്കർക്ക് മേടമാസംപോലെതന്നെ ഇതും ഒരു വണക്കമാസമായിട്ടാണിരിക്കുന്നത്. മാർ യൌസേപ്പുപിതാവിന്റെ വണക്കമാസം കൊണ്ടാടാത്ത കുടുംബങ്ങൾ ഇല്ലെന്നുതന്നെ പറയാം. നിശ്ചയമായിട്ടും കുടുംബങ്ങളെ നവീകരിക്കുന്നതിനുള്ള വഴി ഇതുതന്നെയാകുന്നു. നസ്രസ്സിലെ ആ പരിശുദ്ധ കുടുംബത്തിനു തുല്യമായ ക്രിസ്തീയകുടുംബങ്ങൾ ലോകത്തിൽ ധാരാളമായുണ്ടാകണം. ദൈവഭക്തിയും അന്യോന്യസ്നേഹവും, പരിത്യാഗശീലവും, പൂർണ്ണസമാധാനവുമുള്ള കുടുംബങ്ങൾ ഉണ്ടാകണം, എങ്കിൽമാത്രമ

ല്ലാതെ ലോകത്തിന്റെ ഇന്നത്തെ നിർഭാഗ്യസ്ഥിതിക്കു ഒരു വ്യത്യാസം ഉണ്ടാകുന്നതല്ല. കുടുംബപാലകന്മാർ അതിനായിട്ടു ശ്രമിക്കണം. തങ്ങളുടെ കുടുംബങ്ങളെ ഈ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ സംരക്ഷണയിൽ സമർപ്പിച്ചുകൊണ്ടു്— കുടുംബാംഗങ്ങളെ ഈ പരിശുദ്ധ പിതാവിന്റെ പക്കലേക്കു അടുപ്പിക്കാൻ ശ്രമിച്ചുകൊണ്ടു്— ഈ മാസത്തിൽ ഈ പ്രത്യേക അനുഗ്രഹം മാർ യൌസേപ്പുപിതാവിനോടപേക്ഷിക്കണം.

## വ്യാകുലമാതാവിന്റെ തിരുനാൾ.

വലിയ നോമ്പിന്റെ അഞ്ചാമത്തെ ഞായറാഴ്ച കഴിഞ്ഞുവരുന്ന വെള്ളിയാഴ്ച- അതായതു ദുഃഖവെള്ളിയാഴ്ചയുടെ തലേ വെള്ളിയാഴ്ച- പരിശുദ്ധ വ്യാകുല ജനനിയുടെ ഒരു തിരുനാൾ കൊണ്ടാടപ്പെടുന്നു. ലോകരക്ഷകന്റെ പീഡാനുഭവങ്ങളിൽ നിന്നു വേർതിരിക്കാൻ പാടില്ലാത്ത ഒരു വിഷയമാണു അങ്ങേ ദിവ്യമാതാവിന്റെ വ്യാകുലതകൾ. "എന്റെ പീഡാനുഭവത്തെക്കുറിച്ചു ചിന്തപ്പെടുന്ന ശുശ്രൂഷകൾ എനിക്കിഷ്ടമുള്ളവയാണ്. എന്നാൽ എന്റെ അമ്മയെ ഞാൻ അപരിമിതമായി സ്നേഹിക്കുന്നതുകൊണ്ടു് എന്റെ മരണത്തിൽ അവർ അനുഭവിച്ച ക്ലേശങ്ങളെക്കുറിച്ചുള്ള ധ്യാനവും എനിക്കു അത്യന്തം പ്രസാദകരമായിരിക്കുന്നു" എന്നു ദിവ്യരക്ഷകൻ വെറോനിക്കാ ബർനസ്കോ എന്ന ഭാഗ്യവതിയോടു അരുളിച്ചെയ്യുകയുണ്ടായി. ദിവ്യരക്ഷകനു ഇത്രയും പ്രസാദകരവും, ദൈവജനനിക്കു അത്യന്തം ആശ്വാസജനകവും, നമുക്കു ഏററവും പ്രയോജനപ്രദവുമായ ഈ ഭക്തിയിൽ നാം ഒന്നിനൊന്നു വളർന്നുവരുന്നതിനു പ്രസ്തുത തിരുനാൾദിവസം പരിശുദ്ധ അമ്മയോടു നമുക്കു പ്രാർത്ഥിക്കാം.

## മലയാള മനോരമയുടെ കുമ്പസ്സാര രഹസ്യം.

കോട്ടയത്തു നിന്നു പുറപ്പെടുന്ന യാക്കോബായക്കാരുടെ വക മലയാളമനോരമപ്പത്രം ഇപ്പോൾ പ്രതിദിനമായിട്ടാണല്ലോ പ്രസിദ്ധപ്പെടുത്തുന്നതു്. കത്തോലിക്കരുടെ നേർക്കു ഈ പത്രത്തിനുള്ള നിലയെന്താണെന്നു കേരളീയകത്തോലിക്കർക്കു മനസ്സിലായിട്ടില്ലാത്തതല്ല. എങ്കിലും പ്രതിദിനപ്രസ്ഥാനത്തോടുകൂടെ പൊതുവെയുള്ള ഒരു "കുമ്പസാരവും" കഴിച്ചാണു് ഈ സഹജീവി രംഗപ്രവേശം ചെയ്തതു്. ഈ കുമ്പസാരത്തിന്റെ രഹസ്യം എന്താണെന്നു മനസ്സിലാക്കാനുള്ള തലച്ചോറും കത്തോലിക്കർക്കില്ലാതില്ല. എന്നാൽ അതൊക്കെ വെറും കള്ളക്കുമ്പസാരമായിരുന്നുവെന്നു പിന്നീടുള്ള നടപടികൾകൊണ്ടു എല്ലാപ്പേർക്കും ബോദ്ധ്യപ്പെട്ടു. ആ കൂട്ടത്തിലൊന്നാണു് കുറെമുമ്പു "കുമ്പസാരിച്ചതിനാൽ ശിക്ഷകിട്ടി" എന്ന തലവാചകത്തിൽ മനോരമ തട്ടിവിട്ടിരിക്കുന്ന ഒരു ലേഖനം. ബർമിങ്ങാമിലെ കത്തോലിക്കബിഷപ്പ് ഒരു കുമ്പസാരരഹസ്യം പരസ്യമാക്കിയതിനാൽ ഒരു സ്കൂൾമാസ്റ്റർക്കു മൂന്നുകൊല്ലത്തെ കഠിനതടവുശിക്ഷ കിട്ടിയെന്നുള്ളതത്രെ ലേഖനത്തിന്റെ ചുരുക്കം. മനോരമ ദയവായി ഇതു തെളിയിക്കുമോ? അതല്ലെങ്കിൽ ഈമാതിരി അസംബന്ധങ്ങൾ എഴുന്നള്ളിക്കുന്നതിനു സമാധാനം പറയുമോ? ഏതായാലും കത്തോലിക്കരോടു ഞങ്ങൾക്കു ഒന്നു പറവാനുണ്ടു്. അകത്തോലിക്ക പത്രങ്ങളുടെ പുറകേ ഭ്രമംപിടിച്ചു ഓടുന്നവർ ഇതിൽനിന്നൊക്കെ നല്ലപാഠം പഠിക്കട്ടെ! നാലുകാശു ലാഭം മോഹിച്ചു കത്തോലിക്കാസഭയുടെ ശത്രുക്കളുടെ ഈ ദുഷ്പത്രങ്ങൾ പ്രചരിപ്പിക്കയും, അതിനു ആളുകളേ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നതു എത്ര ലജ്ജാവഹവും ദ്രോഹകരവുമാണെന്നു അവർ അനുസ്മരിക്കട്ടെ. മാതൃകായോഗ്യമാകേണ്ട സ്ഥാനങ്ങളിൽപോലും ഈ തത്വങ്ങൾ വിസ്മരിക്കപ്പെടുന്നതു പരിതാപകരം തന്നെ!

# ഇടയലേഖനം.

(നി. വ. ദിവ്യശ്രീ കാളാശേരിൽ ജയിംസ് മെത്രാനച്ചൻതിരുമനസ്സുകൊണ്ട്)

"ദൈവത്തിൻെറ രാജ്യം ആദ്യം നിങ്ങൾ അന്വേഷിപ്പിൻ (വി. മത്തായി ൬—൩൩.)

വന്ദ്യസഹോദരരെ, വാത്സല്യമക്കളേ!

'ദൈവത്തിൻെറ രാജ്യം ആദ്യം നിങ്ങൾ അന്വേഷിപ്പിൻ' എന്ന നമ്മുടെ ദിവ്യരക്ഷകനായ മിശിഹാ രാജാവിൻെറ തിരുവാക്യം തന്നെയാകുന്നു, നമ്മുടെ പ്രഥമസന്ദേശമായി നിങ്ങളോരോരുത്തരോടും നമുക്കറിയിപ്പാനുള്ളത്. പരിശുദ്ധ സിംഹാസനത്തിങ്കൽനിന്ന് അയോഗ്യനായ നമ്മെ ഈ രൂപതയുടെ മെത്രാനായി തിരഞ്ഞെടുത്തു പ്രസിദ്ധപ്പെടുത്തിയതു് മിശിഹായുടെ രാജത്വതിരുനാൾ ആഘോഷിക്കപ്പെട്ടുന്ന ഒക്ടോബർ 30-ാംനു- ആകയാലും, മിശിഹായുടെ രാജ്യത്തെ മലയാളത്തു പ്രചരിപ്പിച്ച നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ ഒരു പ്രധാന തിരുനാളായ ഡിസംബർ 21-ാംനു- സ്ഥാപ്യത്തെ കത്തീഡ്രൽ പള്ളിയിൽ വച്ച് നമ്മുടെ പട്ടാഭിഷേകം നിവർത്തിക്കപ്പെടുന്നതിന് ദൈവം ഇടയാക്കിയതുകൊണ്ടും, നമ്മുടെ കർത്താവും ദൈവവുമായ ഈശോമിശിഹായുടെ രാജ്യത്തിൻെറ സംരക്ഷണത്തിനും അഭിവൃദ്ധിക്കുമായി മാത്രം നമ്മുടെ ആയുസ്സിനെ വിനിയോഗിക്കേണ്ടതാണെന്ന്, നമുക്കു ദൃഢമായി ബോധ്യപ്പെട്ടിരിക്കുന്നു.

പൂജ്യപാദനും ഭാഗ്യസ്മരണാർഹനുമായ നമ്മുടെമുൻഗാമി കുഴ്ച്ചാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സുകൊണ്ട് തൻെറ ഭരണകാലത്ത് ആദ്യന്തം ചെയ്തിട്ടുള്ള അക്ഷീണപരിശ്രമങ്ങളുടെ ഏകോദ്ദേശ്യം ഇതുതന്നെ ആയിരുന്നു എന്ന് കാണാവുന്നതാണ്. ആ പുണ്യപിതാവിൻെറ ഭക്തിസംവർദ്ധകങ്ങളും, സന്മാർഗ്ഗപോഷകങ്ങളും, ആചാരശുദ്ധികരങ്ങളുമായ ഇടയലേഖനങ്ങളും പരസ്യകല്പനകളും എല്ലാം ഈ വസ്തുതയെ എന്നും വിളിച്ചറിയിച്ചുകൊണ്ടിരിക്കും. അദ്ദേഹത്തിൻെറ നിര്യാണാനന്തരം രണ്ടുവർഷത്തോളം അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക് എന്ന നിലയിൽ നമ്മുടെ രൂപതയെ യഥായോഗ്യം ഭരിച്ച് ഏവരുടെയും കൃതജ്ഞതയ്ക്കും പ്രശംസയ്ക്കും അർഹനായിത്തീർന്നിരിക്കുന്ന മൊൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ അവർകളും അതേ ആദർശത്തെ തന്നെ അസ്പദീകരിച്ചു പ്രവർത്തിച്ചുകൊണ്ടാണ് പോന്നിട്ടുള്ളതു്. ആകയാൽ "നിൻെറ രാജ്യം വരണം" എന്നുള്ള വാക്യത്തെ നമ്മുടെ 'മുദ്രാവാചക'മായി സ്വീകരിച്ചിരിക്കുന്നതു് അസ്ഥാനത്താകയില്ലെന്നു നാം കരുതുന്നു.

ബ. സഹോദരരെ, വാത്സല്യമക്കളേ!

നിങ്ങളും നാമും തമ്മിൽ ഉടലും ശിരസ്സും പോലെ ബന്ധിക്കപ്പെട്ടിരിക്കയാൽ നമ്മുടെ ആശയാദർശങ്ങളും നിർദ്ദേശങ്ങളും സാധകപ്രായമാകുന്നതിന് നിങ്ങളുടെ സഹകരണവും അത്യന്താപേക്ഷിതമാണല്ലൊ. നിങ്ങളുടെ സഹകരണത്തിൽ നമുക്കു വലിയ ശരണവുമുണ്ട്. എന്നാൽ മിശിഹായുടെ രാജ്യമായ തിരുസഭയുടെ മഹിമയ്ക്കും പ്രചാരത്തിനും നിങ്ങൾ നമ്മെ സഹായിക്കേണ്ടതു രണ്ടു വിധത്തിലാകുന്നു. അവയിൽ ഒന്നാമത്തേതു് പിശാചിനോടും അവൻെറ ദൂതന്മാരോടുമുള്ള നിസ്സഹകരണത്തിലും, രണ്ടാമത്തേതു് ദൈവത്തോടും അങ്ങേ പ്രേഷിതരോടുമുള്ള സഹകരണത്തിലും അടങ്ങിയിരിക്കുന്നു. പിശാചു തിന്മയുടെ പിതാവും അവൻെറ ദൂതന്മാർ മനുഷ്യൻെറ ദുശ്ശീലങ്ങളും ദുരാചാരങ്ങളുമാകുന്നു. തന്നിമിത്തം പിശാചിനോടുള്ള നിസ്സഹകരണത്തിൽ രണ്ടു സംഗതികൾ ചെയ്യേണ്ടവയായിട്ടുണ്ട്. അതായതു പാപത്തെ നമ്മുടെഹ

ദയത്തില്‍നിന്നും പൂര്‍ണ്ണമായി നിഷ്കാസ
നം ചെയ്തുകൊണ്ട്, ദൈവേഷ്ടപ്രസാ
ദത്തില്‍ സദാ സ്ഥിതിചെയ്യുന്നതിനായി
ശ്രമിക്കണം. ദൈവയിഷ്ടപ്രസാദം അ
ല്ലെങ്കില്‍ വരപ്രസാദാവസ്ഥ ഉള്ളിലുയു
ള്ള ദൈവരാജ്യത്തിന്‍റെ ബീജമാകു
ന്നു. സ്വര്‍ഗ്ഗരാജ്യത്തെ ഒരു കടുകുമണി
യോടു ദിവ്യരക്ഷനാഥന്‍ ഉപമിച്ചിരി
ക്കുന്നതു് ഈ അര്‍ത്ഥത്തിലല്ലയൊ? എ
ന്നാല്‍ ദൈവവരപ്രസാദം വഴിയായി
ദൈവരാജ്യം നമ്മുടെ ഹൃദയാന്തരങ്ങ
ളില്‍ സ്ഥാപിച്ചാല്‍മാത്രം പോരാ; അ
തിന്‍റെ നേക്കു പുറത്തുനിന്നുണ്ടാകുന്ന
ആക്രമണശക്തികളോടു എതിര്‍ക്കുകയും
അവയെ നശിപ്പിപ്പാന്‍ കഴിയുംവണ്ണം
ഉത്സാഹിക്കുകയുംകൂടിവേണം. പ്രസ്തുത
ദൈവരാജ്യത്തെ നിര്‍മ്മൂലമാക്കുവാന്‍ നി
രന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ശ
ത്രുക്കള്‍ മറെറാന്നുമല്ല. പാപഹേതു
ക്കളാകുന്ന ദ്രവ്യാഗ്രഹം, ഭോഗാസക്തി,
മദ്യപാനം, അസൂയ, പരദ്രോഹം, അ
ധികാരനിന്ദ ഇത്യാദികളാകുന്നു. സാ
ത്താന്‍റെ ദൂതന്മാരും ഇവതന്നെ. ഈ
ശത്രുക്കളോടു സ്ഥൈര്യപൂര്‍വ്വം എതിര്‍ത്തു
കൊണ്ടിരുന്നില്ലെങ്കില്‍ അകമേയുള്ള
ദൈവരാജ്യം ക്രമേണ നശിച്ചുപോകു
മെന്നുള്ളതിനു് സംശയമില്ല. അതിനാ
ല്‍ ചാവുദോഷത്തില്‍ നിന്നു് എപ്പോഴും
വിമുക്തരായിരിക്കയും മേല്പറഞ്ഞ പാപ
ഹേതുക്കളില്‍ നിന്നു് അകന്നിരിക്കയും
ചെയ്യുവിന്‍. മദ്യപാനം, നാടകങ്ങള്‍,
നിശാഘോഷങ്ങള്‍ മുതലായി അസന്മാ
ര്‍ഗ്ഗപോഷകങ്ങളായ സംഗതികളെ സ
ബന്ധിച്ചുള്ള നമ്മുടെ വന്ദ്യപുരോഗാമിം
മാര്‍തോമ്മാമെത്രാനച്ചന്‍തിരുമനസ്സിലെ
ആജ്ഞകള്‍ എല്ലാവരും ശിരസ്സാവഹി
ച്ചു പ്രവര്‍ത്തിച്ചുകൊള്ളണമെന്നു് നാമും
ബലമായി അനുസ്മരിപ്പിക്കുന്നു. ഇപ്ര
കാരം ഓരോരുത്തരും ദൈവരാജ്യത്തെ
അവനവനില്‍തന്നെഉറപ്പിക്കണം. 'ദൈ
വരാജ്യം നിങ്ങള്‍ക്കുള്ളിലാകുന്നു."(വി.
ലൂക്കാ. ൧൭-൨൧) അതിന്‍റെശേഷം
അഭ്യന്തരമായ ആ പൂര്‍ണ്ണതയില്‍ നിന്നു
അതു പുറത്തേക്കു പ്രവഹിക്കണം. തനി
ക്കില്ലാത്തതിനെ ശേഷംപേക്കുകൊടുപ്പാ
ന്‍ ആക്കും സാധിക്കയില്ല.

ബ. സഹോദരരെ, വാത്സല്യമക്കളേ!

പിശാചിനോടുള്ള നിസ്സഹകര
ണം വഴിയായി മിശിഹായുടെ രാജ്യം
നിങ്ങളില്‍ത്തന്നെ സ്ഥാപിച്ചതിന്‍റെ
ശേഷം തന്‍റെ രാജ്യമായ തിരുസഭയു
ടെ പുറമേയുള്ള പ്രതാപത്തിനും പ്രചാ
രത്തിനുമായി ദൈവത്തോടും തന്‍റെ
പ്രേഷിതരോടും നിങ്ങള്‍ സഹകരിക്ക
ണം. ഇതു സാധിക്കേണ്ടതു മൂന്നു മാര്‍ഗ്ഗ
ങ്ങളില്‍ കൂടിയാണു്. പ്രാത്ഥന, പ്രാ
യശ്ചിത്തം, ദാനധര്‍മ്മം. പ്രാര്‍ത്ഥന എ
ന്നുപറഞ്ഞാല്‍ വാമൊഴിയായി ചൊല്ലു
ന്ന ജപങ്ങള്‍ മാത്രമല്ല, ധ്യാനവും,
ജ്ഞാനവായനയും, വി. കൂദാശകളുടെ
സ്വീകരണവും, ശുദ്ധ ലാക്കോടുകൂടി
ചെയ്യപ്പെടുന്ന ഏതേതു പ്രവൃത്തികളും,
പ്രാര്‍ത്ഥനയുടെ ഭാവഭേദങ്ങളായിരിക്കു
ന്നു. പ്രാര്‍ത്ഥനകൊണ്ടു ദൈവരാജ്യം
പരത്തേണ്ടതെങ്ങിനെയാണെന്നു വി.
അമ്മത്രേസ്യാ നമ്മെ പഠിപ്പിക്കുന്നുണ്ടു്.
ചെറിയ ചെറിയ പ്രവൃത്തികളെ ത
ന്നെയും പാപികളുടെ മാനസാന്തരത്തി
നായി ചെയ്തുകൊണ്ടുവന്നവളും മരണ
ശേഷം തന്‍റെ പുഷ്പവൃഷ്ടികൊണ്ടു അ
നേകരെ മാനസാന്തരപ്പെടുത്തിക്കൊ
ണ്ടിരിയ്ക്കുന്നവളുമായ വി. ചെറുപുഷ്പവും
ഈ സംഗതിയില്‍ നമുക്കു് അനുകര
ണീയമാതൃകയായിരിക്കുന്നു. അതിനാല്‍
നമ്മുടെ കര്‍ത്താവു തന്‍റെ തോട്ടത്തിലേ
ക്കു യോഗ്യരായ പ്രേഷിതരെ അയക്കു
ന്നതിനും അവരുടെ വേലയെ ആശീര്‍വ്വ
ദിച്ചു ഫലസംപൂര്‍ണ്ണമാക്കുന്നതിനുംവേ
ണ്ടി നിങ്ങള്‍ പ്രാര്‍ത്ഥിക്കുവിന്‍. 'നിന്‍റെ
രാജ്യംവരണമെ' എന്നു മുട്ടിപ്പായി ത
ന്നോടു യാചിക്കുവിന്‍. ഫെബ്രുവരിമാസം
11-ാംനു-യാണല്ലോലൂര്‍ദ്ദുമാതാവിന്‍റെ
തിരുനാള്‍ തിരുസഭ കൊണ്ടാടുന്ന
തു്. അമലോത്ഭവയായ പരിശുദ്ധ മറി
യം ലൂര്‍ദ്ദ് എന്ന തിരുസ്ഥലത്തു പ്രത്യക്ഷ
യായപ്പോള്‍ അരുളിച്ചെയ്തതും 'പാപി
കള്‍ക്കുവേണ്ടി പ്രാര്‍ത്ഥിക്കുക' എന്നാണു്.

എന്നാല്‍ പ്രാര്‍ത്ഥനയോടുകൂടി പ്രാ
യശ്ചിത്തവും കൂടിയേകഴിയൂ. ഇതാ
ണു് ലൂര്‍ദ്ദിലെ വേറൊരു സന്ദേശം.
പ്രായശ്ചിത്തത്തോടു കൂടിയുള്ള പ്രാര്‍ത്ഥന

ആകാശങ്ങളെ തുളച്ചുകയറുന്നു. ദൈവത്തെ നിർബന്ധിക്കുന്നു. അടുത്തു വരുന്ന നോമ്പുകാലം ഇതിനു ഏററം പററിയതാണല്ലൊ. നമ്മുടെ രക്ഷനാഥൻ മനുഷ്യനായി അവതരിച്ചതും കുരിശുമരണത്തോളം നിഷ്ഠുരമായ കഷ്ടതകൾ സഹിച്ചതും എല്ലാം തൻെറ രാജ്യം ഇവിടെ സ്ഥാപിക്കുന്നതിനും ഭൂലോകം മുഴവനിലും അതു പ്രചരിക്കുന്നതിനും വേണ്ടിമാത്രമാകുന്നു. അതിനാൽ കർത്താവിൻെറ ഉപവാസവും, പ്രായശ്ചിത്തവും, തപസ്സും വിശേഷവിധിയായി നമ്മുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ട ഈ നോമ്പുകാലത്തിൽ സഭാനിയമപ്രകാരമുള്ള നോമ്പും ഉപവാസവും ശരിയായി അനുഷ്ഠിക്കുവിൻ. അവയ്ക്കും പുറമെ ചെറിയ ചെറിയ ആശാനിഗ്രഹങ്ങൾ, പരിത്യാഗങ്ങൾ, പരസ്നേഹകൃത്യങ്ങൾ മുതലായവയും ചെയ്തുകൊണ്ട് നമ്മുടെ രക്ഷനാഥൻെറ കഷ്ടാനുഭവങ്ങളോടു അവയെ ചേർക്കുവിൻ. ഇപ്രകാരം പ്രാർത്ഥന, പ്രായശ്ചിത്തം എന്നീമാർഗ്ഗങ്ങളിലൂടെ നമ്മുടെ കർത്താവു ഈശോമശിഹായോടും തൻെറ പ്രേഷിതരോടും യഥാശക്തി സഹകരിച്ചുകൊണ്ടു ദൈവരാജ്യത്തിൻെറ ബാഹ്യമായ പ്രചുരപ്രചാരത്തിനായി പരിശ്രമിപ്പിൻ.

ശ്രേഷ്ഠമായ ഈ ഉദ്ദേശസാദ്ധ്യത്തിനായി സഹകരിക്കുന്നതിനു ദൈവം തന്നിരിക്കുന്ന മറെറാരുപകരണമാകുന്നു ധനം. ഈഉപകരണത്തെ ഫലപ്രദമായി പ്രയോഗിക്കുന്നതിനുള്ള ഉത്തമമാർഗ്ഗം ദാനധർമ്മമാകുന്നു. ദാനധർമ്മത്തിൻെറ യോഗ്യത, ദാനം ചെയ്യുന്ന തുകയുടെ വലിപ്പത്തേക്കാൾ ദാതാവിൻെറ നിയോഗശുദ്ധിയേയും ചുററുപാടുകളേയും ആശ്രയിച്ചാണിരിക്കുന്നതു്. അല്പം നൊമ്പരപ്പെട്ടും എന്നാൽ തെളിഞ്ഞ മനസ്സോടുകൂടിയും ചെയ്യുന്ന ധർമ്മം ദൈവത്തെ അത്യന്തം പ്രസാദിപ്പിക്കുന്നു. കുബേരൻെറ വൻപിച്ച തുകയേക്കാൾ വിധവയുടെ ചില്ലിക്കാശിനെയല്ലേ ദിവ്യഗുരു സുവിശേഷത്തിൽ പ്രശംസിച്ചിരിക്കുന്നതു്? ഞായറാഴ്ചതോറുമുള്ള ധർമ്മപ്പിരിവിൻെറ മാഹാത്മ്യവും ആവശ്യകതയും മേല്പറഞ്ഞ ന്യായങ്ങളാൽ സ്പഷ്ടമാകുന്നുണ്ടല്ലൊ. ശരീരം കൂടാതെ പുണ്യയോഗ്യത സമ്പാദിപ്പാൻ ആത്മാവിനു പാടില്ലാത്തതുപോലെ തന്നെ, തൽക്കാലപരിസരങ്ങളിൽ, ദൈവരാജ്യത്തിൻെറ പ്രചാരവും ദ്രവ്യം കൂടാതെ അത്രസുകരമല്ല. 'ആദ്യം ദൈവരാജ്യത്തെ നിങ്ങൾ അന്വേഷിപ്പിൻ' എന്നരുളിച്ചെയ്കയാൽ തന്നെയാകുന്നു 'നിങ്ങളുടെ മാമ്മോനാ അഥവാ സമ്പത്തുകൊണ്ടു നിങ്ങൾക്കു സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊള്ളുവിൻ' എന്നു് അതേ സമയത്തുതന്നെ നമ്മോടുപദേശിച്ചിരിക്കുന്നതു്. ആകയാൽ ദൈവരാജ്യം പരത്തുന്നതിനു് ദ്രവ്യംകൊണ്ടുള്ള സഹകരണവും അപരിത്യാജ്യം തന്നെ. നമ്മുടെ ജനങ്ങൾ മദ്യപാനം, നാടകം, വ്യവഹാരം, വിരുന്നു് മുതലായവയ്ക്കു അനാവശ്യമായി ചെലവിടുന്ന പണം വേദപ്രചാരാർത്ഥം വിനിയോഗിച്ചിരുന്നെങ്കിൽ എത്രനന്നായിരുന്നേനെ.

ഒരു സംഗതി കൂടി ഓർമ്മിപ്പിച്ചുകൊണ്ടു് ഈ സന്ദേശം അവസാനിപ്പിക്കാം. അടുത്തുവരുന്ന മാർച്ച്മാസം വിശുദ്ധ യൌസേപ്പുപിതാവിൻെറവണക്കത്തിനായി പ്രതിഷ്ഠിച്ചിരിക്കുന്നതാണല്ലൊ. തിരുക്കുടുംബത്തിൻെറ നായകനായിരുന്ന ഈ വിശുദ്ധൻ തന്നെയാണു് ദൈവരാജ്യമായ തിരുസഭയുടെപാലകനായിട്ടും വണങ്ങപ്പെടുന്നതു്. തന്മൂലം ഈ സഭയുടെ വർദ്ധനവിനായി വേലചെയ്യുന്ന വൈദികർ, സന്യാസാന്തേവാസികൾ ആദിയായ എല്ലാ പ്രേഷിതരുടേയും പ്രത്യേക മദ്ധ്യസ്ഥനും ആദർശപുരുഷനുമാകുന്നുഈ മഹാപുണ്യവാൻ. തൻെറ പ്രാർത്ഥനകളും അദ്ധ്വാനങ്ങളും ദാരിദ്ര്യജീവിതവുമെല്ലാം ഈശോയെപ്രതിയും ഈശോയുടെ മഹിമവർദ്ധനവിനായിട്ടും ഈവിശുദ്ധൻ നിയോഗിച്ചിരുന്നു. അജ്ഞാനമെസ്രേനിലെ വിഗ്രഹങ്ങളെ നിലം പതിപ്പിക്കുവാനായി ദൈവനിയോഗപ്രകാരംഈശോയെ അവിടേയ്ക്കു കൊണ്ടുപോയതു് ഈ സിദ്ധനാണു്. ഈശോയെ എല്ലാവരും അറിയണം, സ്നേഹിക്കണം, ഈശോയുടെ രാജ്യംവരണം എന്നതാണു് ഈപിതാവിൻെറ ഏററം മഹത്തായഅഭിലാഷം. കണ്ടാലും! ദൈവ

രാജ്യപ്രചാരണവിഷയത്തിൽ വി. ഔസേപ്പു നമുക്കു എത്രയോ അനുകരണിയമായ ഒരു മാതൃകയായിരിക്കുന്നു.

ആകയാൽ ബ. സഹോദരരെ! വാത്സല്യമക്കളേ!

ഒന്നാമതായി ദൈവരാജ്യത്തെയും തന്റെ നീതിയേയും അന്വേഷിപ്പിൻ. ശേഷമെല്ലാം അപ്പോൾ നിങ്ങൾക്കുണ്ടായിക്കൊള്ളും. ദൈവതിഷ്ടപ്രസാദരാജ്യം ആദ്യം നിങ്ങൾ ഓരോരുത്തരിലും സ്ഥാപിതമാകട്ടെ. പിശാചു അവന്റെ ഭരണം നിങ്ങളിൽ ഒരിക്കലും നടത്താതിരിക്കട്ടെ. മദ്യപാനം, ദുഷ്ടസഹവാസങ്ങൾ, ദ്രവ്യാഗ്രഹം മുതലായ പിശാചിന്റെ ദൂതന്മാരോടു പൂർണ്ണമായ നിസ്സഹകരണം അനുഷ്ഠിച്ചുകൊണ്ട്, പരസ്നേഹം, എളിമ, ക്ഷമ, ദാരിദ്ര്യം പരിത്യാഗം, ക്രൂശുകളുടെ സ്വീകരണം എന്നിവ വഴിയായി ദൈവത്തോടു സഹകരിക്കുവിൻ. നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തിന്മേൽ ധ്യാനിച്ചുകൊണ്ടും, അനുഗ്രഹപൂർണ്ണമായ കൂട്ടത്തിലും തനിച്ചും ധാരാളമായി ജപിച്ചുകൊണ്ടും, ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിപ്പിൻ. 'നിന്റെ രാജ്യം വരണം' എന്നുള്ള നമ്മുടെ ആദർശവാക്യം ദൈവം തിരുമനസ്സാകുന്നേടത്തോളം അന്വർത്ഥമാക്കിത്തീർക്കുന്നതിനുള്ള ഉദ്യമത്തിൽ നിങ്ങൾ ഓരോരുത്തരും യഥാശക്തി നമ്മോടു സഹകരിക്കയും, നമ്മുടെ ആദർശവും ആധാരവുമായി നാം കൈക്കൊണ്ടിരിക്കുന്ന വിശുദ്ധ ഔസേപ്പു പിതാവിനെ തന്റെ പ്രാർത്ഥന, തപസ്സ്, ദാരിദ്ര്യസ്നേഹം, ധർമ്മശീലം എന്നിവയിൽ അനുകരിക്കയും ചെയ്യുവിൻ. ഇപ്രകാരം സ്നേഹിക്കപ്പെട്ട അമ്മയായ അമലോത്ഭവമറിയത്തിന്റെയും, പിതാവായ വിശുദ്ധ ഔസേപ്പിന്റെയും മാദ്ധ്യസ്ഥത്താലും, നമ്മുടെ രക്ഷകൻ ഈശോമിശിഹായുടെ യോഗ്യതകൾ വഴിയായും ദൈവത്തിന്റെ അനുഗ്രഹങ്ങൾ ഈ രൂപതയുടെമേലും നമ്മുടെയും നിങ്ങൾ ഓരോരുത്തരുടെയും മേലും നിരർഗ്ഗളമായി വർഷിക്കപ്പെടട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി എല്ലാവരെയും ബാവായുടെയും പുത്രന്റെയും റൂഹാദ്ക്കുദശായുടെയും നാമത്തിൽ നാം ആശീർവ്വദിക്കുന്നു.

# മ്ശിഹായുടെ പഠനം.

(തുടർച്ച)

(റൈററ് റവ. മോൺസി. ആന്റണി പുതുശ്ശേരി.)

ഈശോമിശിഹായുടെ പഠനം നമ്മിൽ ദൈവികകാര്യങ്ങളെ സംബന്ധിച്ച ഒരു അത്യാസക്തി ഉല്പാദിപ്പിക്കുന്നതും, അതിനെ അനുസരിക്കുന്നവരിൽ ഉൽകൃഷ്ടമായ പരക്രമപ്രവൃത്തികളുള്ള ഉന്മേഷം ജനിപ്പിക്കുന്നതുമാകുന്നു. അതു സ്വർഗ്ഗീയ ഭാഗ്യത്താൽ ഹൃദയത്തെ പരിപൂർണ്ണമാക്കുന്നുണ്ട്. എത്ര വേദസാക്ഷികളുടെയാണ് അതു പ്രാപ്പെരുവിച്ചിട്ടുള്ളതെന്നു കണക്കില്ല. ആ പഠനത്തെ പ്രചരിപ്പിക്കുന്നതിനായി എത്രമാത്രം കത്തോലിക്കർ സ്വരാജ്യത്തെയും മാതാപിതാക്കളേയും ഐഹിക സമ്പത്തുക്കളേയും ന്യായമായ സന്തോഷാനുഭവങ്ങളേയും ഉപേക്ഷിച്ചിരിക്കുന്നു! ആ പഠനം നമ്മെ സദാ ഉത്സാഹിപ്പിക്കയും ഉന്മേഷിപ്പിക്കയും ചെയ്തുവരുന്നു. മനുഷ്യരെല്ലാവരും സ്വതന്ത്രരാണെന്നും, ദൈവസഹായത്താൽ അവർക്കു നിത്യരക്ഷയും ഭാഗ്യവും പ്രാപിക്കാമെന്നും അതു പഠിപ്പിക്കുന്നുണ്ട്. അപേക്ഷിക്കുന്നവർക്കെല്ലാം ആ ദൈവസഹായം സിദ്ധിക്കുമെന്നു രക്ഷകൻ പഠിപ്പിക്കുന്നതു എത്ര ആശ്വാസപ്രദമാണ്. മനുഷ്യന്റെ സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്ന അടിമത്തത്തിലും ദൈവ

ത്തിന്റെ പൂർവ്വനിർണ്ണയത്തിലുമുള്ള വിശ്വാസം കുററകരമാണെന്നു രക്ഷകൻ പഠിപ്പിച്ചിരിക്കുന്നു. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു ദൈവത്തെ അറിഞ്ഞും സ്നേഹിച്ചും ശുശ്രൂഷിച്ചും നിത്യഭാഗ്യം പ്രാപിക്കുവാനാണു്. മററുസൃഷ്ടികളെല്ലാം മനുഷ്യർ തന്റെ അന്ത്യം പ്രാപിക്കുന്നതിന്നു് ഉപയോഗപ്പെടുത്തുവാൻവേണ്ടി മാത്രം നിർമ്മിക്കപ്പെട്ടവയാകുന്നു. തൻമൂലം അവയെ മിതമായിട്ടേ നാം പ്രയോഗിച്ചുകൂടൂ. ഇത്രയുമല്ല, മനുഷ്യൻ ഒരിക്കൽ മാത്രം മരിക്കുന്നുവെന്നും അതോടുകൂടി യോഗ്യതാനുസാരം അവൻ സ്വർഗ്ഗത്തിലേക്കോ, ശുദ്ധീകരണസ്ഥലത്തിലേക്കോ നരകത്തിലേക്കോ ഉടനെ നിയമിക്കപ്പെടുന്നുവെന്നും മ്ശിഹാ പഠിപ്പിക്കുന്നുണ്ടു്.

ആദിമാതാപിതാക്കളുടെ അനുസരണക്കേടിനാൽ പിഴപെട്ടുപോയ മാനുഷവർഗ്ഗത്തെ ഉദ്ധാരണംചെയ്തു്, വചനത്താലും ദൃഷ്ടാന്തത്താലും അവരെ നിത്യരക്ഷാമാർഗ്ഗം പഠിപ്പിക്കുന്നതിന്നായി പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമാളായ പുത്രൻതമ്പുരാൻ മാനുഷാവതാരം ചെയ്തു. അതു്, അമലോത്ഭവയും നിത്യകന്യകയുമായ മറിയത്തിന്റെ ഉദരത്തിൽ നസറത്തിൽവച്ചു സംഭവിച്ചതു പരിശുദ്ധാത്മാവിന്റെ അത്ഭുതകരമായ പ്രവൃത്തിയാലത്രെ. ഈ രക്ഷകൻ അർദ്ധരാത്രിയിൽ യൂദായിലെ ബത്ലഹേമിലുള്ള ഒരു തൊഴുക്കൂട്ടിൽ പിറന്നു. അയാളുടെ പേർ ഈശോയെന്നാണു്. അവിടന്നു് ഒരു ദൈവമനുഷ്യനായിരുന്നു. തൻമൂലം അയാളിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങളും ദൈവികനായ ഒരു ആളുമുണ്ടു്. ഈ രക്ഷകൻ മുപ്പത്തിമൂന്നു സംവത്സരം ലോകജീവിതം കഴിച്ചു് എല്ലാവക പുണ്യാഭ്യസനങ്ങളുടെയും ഉത്തമമാതൃക നമുക്കു നൽകിയിരിക്കുന്നു. തന്റെ പഠനങ്ങളെല്ലാം ദൈവികങ്ങളാണെന്നു് അനവധി അത്ഭുതകൃത്യങ്ങളാൽ തെളിവാക്കിയശേഷം ഒടുവിൽ അവിടന്നു മാനുഷപരിത്രാണാർത്ഥം കുരിശുമരണം പ്രാപിക്കയും ചെയ്തു.

അന്തഃലോകത്തെ അഗ്നിയാൽ ശുദ്ധീകരിച്ചശേഷം അതിനെ വിധിക്കുവാനായി താൻ വരുമെന്നും അപ്പോൾ മരിച്ചവരെല്ലാം ഉയിർക്കുമെന്നും അവരുടെ ഏററവും രഹസ്യമായ പാപങ്ങൾകൂടി സർവ്വവിദിതമാകുമെന്നും രക്ഷകൻ പ്രവചിച്ചിട്ടുണ്ടു്. ഇത്രയുമല്ല, അന്നു നീതിമാന്മാർ നിത്യഭാഗ്യസ്ഥാനമായ സ്വർഗ്ഗത്തിലേക്കും ദുഷ്കൃതികൾ നിത്യശിക്ഷകളുടെ സ്ഥലമായ നരകത്തിലേക്കും അയയ്ക്കപ്പെടുമെന്നുള്ളതും രക്ഷകന്റെ വാക്യംതന്നെയാണു്. ഈ പഠനം നമ്മുടെ ഉത്ഭവത്തെയും അന്ത്യത്തെയും ചൂണ്ടിക്കാണിക്കുന്നു. ആ അന്ത്യം പ്രാപിക്കുന്നതിനു പ്രമാണങ്ങളെ കാക്കണമെന്നു് ഉപദേശിക്കുന്നു. അതിന്നു സഹായമായ അനുഗ്രഹങ്ങൾ സിദ്ധിക്കുവാൻ കൂദാശകൾ കൈക്കൊള്ളണമെന്നു് ആജ്ഞാപിക്കുന്നു. കൂടാതെ, പ്രസ്തുതപഠനം ഭാഗ്യപ്രാപ്തിക്കുള്ള നമ്മുടെ ആഗ്രഹത്തിന്നു് ഒരു നിവാരണം വരുത്തുകയും, നൽമനസ്സുണ്ടെങ്കിൽ എളുപ്പമായി ആ ഭാഗ്യം നേടാമെന്നു നമ്മെ ധൈര്യപ്പെടുത്തുകയും, ചെയ്യുന്നുണ്ടു്.

മ്ശിഹായുടെ പഠനത്തിന്നു വേറെയുള്ള ഒരു വിശേഷത, അതു് ഏതു കാലത്തും ഏതു സാഹചര്യങ്ങളിലും മനുഷ്യരിൽ ഓരോരുത്തനെന്നല്ല അവർക്കു സമുദായികനിലയിലും യോജിക്കുന്നുണ്ടു് എന്നുള്ളതാണു്. രാജ്യപരിവർത്തനം അനുസരിച്ചു പഠനത്തിൽ ഭേദഗതി ചെയ്യാൻ യാതൊരു ആവശ്യവും കാണുന്നില്ല. മിശിഹായുടെ പഠനത്തെപ്പററി സൂക്ഷ്മനിരീക്ഷണം ചെയ്താൽ അതിന്റെ ദാതാവു മനുഷ്യസ്വഭാവത്തെയും അവന്റെ മനസ്സു്, ഹൃദയം ആശാപാശം, ദുർവ്വാസന, തിന്മകൾ എന്നിവയേയും ആ തിന്മകൾക്കു നിവാരണങ്ങളായ പ്രതിവിധികളേയും മനുഷ്യന്റെ അന്ത്യത്തെയും അതു പ്രാപിക്കുവാൻ അവർ ഉപയോഗിക്കേണ്ടിയ മാർഗ്ഗങ്ങളേയും പൂർണ്ണമായി ഗ്രഹിച്ചിട്ടുള്ള ഒരുവനാണെന്നു സമ്മതിച്ചേ കഴിയൂ.

മിശിഹായുടെ ന്യായപ്രമാണെന്നു

സാരം ജീവിച്ചാൽ ലോകത്തിൽ പ്രാപ്യമായ മഹാഭാഗ്യം അനുഭവിക്കാമെന്നതു തർക്കമററ കാൎയ്യമാണ്. ഒരു ഏകദൈവത്തെ തങ്ങളുടെ പിതാവായി സ്വീകരിക്കയും ഒരു ഏകഹൃദയവും ആത്മാവുമെന്നപോലെ തമ്മിൽ തമ്മിൽ സഹോദരപ്രകാരേണ വൎത്തിക്കയുംഃര ഭാഗ്യലബ്ധിക്കായി ആശാപാശനിഗ്രഹത്തോടും സ്വേച്ഛാപരിത്യാഗത്തോടും സാമുദായികഗുണകാംക്ഷയോടുംകൂടി പരിശ്രമിക്കയും എന്നല്ല മററുള്ളവരുടെ അരിഷ്ടതകളിൽ സഹതപിക്കയും അവരെ സാന്ത്വനങ്ങളാൽ ആശ്വസിപ്പിക്കയുംചെയ്തു ജീവിക്കുന്നഒരു സമുദായം എത്ര പരമപുഷ്ടമാണ്. അതൊരു അപൂൎവ്വകാഴ്ച ആകാതിരിക്കയില്ല. അവരിൽ കലഹങ്ങളും വഴക്കുകളും ദ്രോഹങ്ങളും ഉണ്ടാകാതെ അവർ എന്നും സ്നേഹമധുരഫലമായ സമാധാനത്തിലേ വൎത്തിക്കയുള്ളൂ. നിത്യഭാഗ്യം പ്രതീക്ഷിച്ചുകൊണ്ടു സകലരും ഐക്യത്തിൽ ജീവിക്കുന്നതു് എത്ര സന്തോഷാവഹമാണ്! മിശിഹായുടെ നിയമാനുസാരം സകലരും ജീവിച്ചാൽ ലോകം ഒരു ഭൌമികപറുദീസയാകുമെന്നു സംശയംകൂടാതെ പറയാം. അതിൽ എല്ലാവരും തമ്മിൽ സ്നേഹിതന്മാരായിരിക്കുന്നതാണ്.

മിശിഹായുടെ പഠനത്തിൽപെട്ട വേദരഹസ്യങ്ങൾ നമ്മുടെ ബുദ്ധിശക്തിയെ കവിയുന്നതാണെങ്കിലും അവയെ വിശ്വസിക്കേണ്ടതിനുള്ള ന്യായങ്ങൾ ബുദ്ധിയെ സംതൃപ്തമാക്കുന്നവയാണെന്നു നാം ഗ്രഹിച്ചിരിക്കണം. "ശരീരത്തെ മാത്രം മുതിപ്പെടുത്തുന്നവരെ നിങ്ങൾ ഭയപ്പെടേണ്ട. പിന്നയോ ആത്മശരീരങ്ങളെ നരകത്തിൽ ശിക്ഷിക്കുവാൻ സാധിക്കുന്നവനെ നിങ്ങൾ ഭയപ്പെടണം" എന്നുള്ള മിശിഹായുടെ പ്രമാണം എത്ര ഗൌരവതരവും പരിശുദ്ധവുമാണെന്നു സ്മരിക്കുക. "മുഴുവൻ ഹൃദയത്തോടുകൂടി നിങ്ങൾ ദൈവത്തെ സ്നേഹിക്കണം. രണ്ടു യജമാനന്മാരെ ശുശ്രൂഷിക്കുവാൻ നിങ്ങൾക്കു സാധിക്കയില്ല. ലോകരുടെ മുമ്പാകെ എന്നെ ഏററുപറവാൻ നിങ്ങൾ ലജ്ജിക്കുന്നില്ലെങ്കിൽ, സ്വൎഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പാകെ നിങ്ങളെ ഞാൻ ഏററുപറയും. മനുഷ്യദൃഷ്ടിയിൽപെടുന്നതിനായി നിങ്ങൾ നന്മചെയ്യേണ്ടതില്ല. നിന്റെ കണ്ണോ കയ്യോ കാലോ നിനക്ക് ഉതപ്പിനു് ഹേതുവാണെങ്കിൽ അതു നിനീക്കിക്കളയണം. ആഹാരവസ്ത്രാദികളെപ്പററി അമിതമായി നിവിചാരപ്പെടേണ്ട. സ്വൎഗ്ഗീയ പിതാവു വേണ്ടപോലെ നിന്റെ കാൎയ്യം വിചാരിക്കും. ആകാശത്തിലെ പറവകളേയും ഭൂമിയിലെ പുല്ലുപുഷ്പാദികളേയും കൂടി അവിടന്നു സംരക്ഷിച്ചുപോരുന്ന സ്ഥിതിക്കു നീ എന്തുകൊണ്ടു ഭയപ്പെടുന്നു? സകലൎക്കും നീ നന്മചെയ്യു. നിന്റെ ശത്രുക്കളേക്കൂടി നീ സ്നേഹിക്കണം. അവരോടു നീ ക്ഷമിക്കണം. വിധിക്കപ്പെടാതിരിക്കുന്നതിനുവേണ്ടി നീ അന്യായവിധി ചെയ്യാതിരിക്കുക. സ്നേഹംനിമിത്തം കൊടുക്കപ്പെടുന്ന അല്പജലവും സ്വൎഗ്ഗത്തിൽ സമ്മാനിക്കപ്പെടും. അരിഷ്ടതകളിൽ നീ സന്തുഷ്ടനായി സ്വൎഗ്ഗഭാഗ്യത്തെ പാൎത്തിരുന്നുകൊൾക" ഇങ്ങനെയുള്ള രക്ഷകന്റെ ഉപദേശങ്ങൾ എത്ര മധുരതരങ്ങളും ആശ്വാസപ്രദങ്ങളുമാണെന്നു് അവ അനുഷ്ഠിച്ചു തന്നെ അറിയണം

അവിശ്വാസിയായ റോസോവുതന്നെയും മിശിഹായുടെ പഠനത്തിന്റെ മാഹാത്മ്യം കണ്ടുകൊണ്ടു് അതു ദൈവികമാണെന്നു സമ്മതിച്ചു പറഞ്ഞിരിക്കുന്നു. സോക്രട്ടീസ് ഒരു മഹാതത്വശാസ്ത്രിയായിരുന്നു. ആയാളും സദാചാരനടപടികളുടെ ഒരു നിയമം എഴുതിയിട്ടുണ്ട്. എങ്കിലും പലർ സദാചാരനിരതരായി വ്യാപരിക്കുന്നതു കണ്ടശേഷം മാത്രമെ അയാൾക്ക് അതെഴുതുവാൻ സാധിച്ചിട്ടുള്ളൂ. സോക്രട്ടീസു നീതി എന്താണെന്നു പ്രസ്താവിക്കുന്നതിനു വളരെമുമ്പ് അരിസ്റ്റിഡെസ് നീതിമാനായി വൎത്തിച്ചിട്ടുണ്ട്. അങ്ങനെതന്നെ ലേയോനിദസ് സ്വരാജ്യത്തിനായി മരിച്ചതും, സ്വാത്മാൎത്ഥ്യം പെരുമാറാതെ ജീവിച്ചതും, ഗ്രീക്കുരാജ്യത്തിൽ സുകൃതികൾ അനവധി

യുണ്ടായതും ഒക്കെ സോക്രട്ടീസു സ്വരാജ്യസ്നേഹത്തെപ്പററിയും മദ്യനിരോധത്തെപ്പററിയും മററു സുകൃതങ്ങളെക്കുറിച്ചും വിവരിക്കുന്നതിനു മുമ്പായിരുന്നു. എന്നാൽ ഈശോമിശിഹാ തൻെറ വചനത്താലും ദൃഷ്ടാന്തത്താലും ആദ്യമായി ഇത്ര ഉൽകൃഷ്ട സദാചാരനടപടികളെ പ്രചരിപ്പിച്ചതു് എവിടെനിന്നു പഠിച്ച ിഞ്ഞിട്ടാണു്? സോക്രട്ടീസു തനിക്കു വിഷംകൊടുത്തവനെ ആശീർവ്വദിക്കയും ശിഷ്യരോടു തത്വശാസ്ത്രപുസ്തകം കയ്യിൽ പിടിച്ചു സംസാരിച്ചുകൊണ്ടു മരിക്കയും ചെയ്തതിൽ അയാൾ ഒരു സന്യാസിക്കടുത്ത മരണം പ്രാപിച്ചുവെന്നു പറയാം. എന്നാൽ ദിവ്യരക്ഷകൻ കഠിനഞെരുക്കങ്ങൾ സഹിച്ചും ഞെരുക്കുന്നവൎക്കുവേണ്ടി പ്രാൎത്ഥിച്ചും കുരിശിൽ മരിച്ചതുകൊണ്ടു് അവിടത്തെ മരണം ഒരു ദൈവത്തിൻെറ മരണമായി എണ്ണപ്പെടണം. ഈ മരണത്താൽക്കൂടി സ്വന്തവചനങ്ങളെ സ്ഥിരപ്പെടുത്തിയ രക്ഷകൻെറ സത്യപഠനങ്ങൾ നമുക്കു സിദ്ധിച്ചതുകൊണ്ടു നാം അത്യധികം കൃതാൎത്ഥരായിരിക്കണം. അത്രയുംപോരാ, സിദ്ധമായ സത്യപഠനത്തെ മററുള്ളവരിൽക്കൂടി പ്രചരിപ്പിക്കുന്നതിനു നാം സൎവ്വദാ ശ്രമിക്കേണ്ടതുമാണു്.

# മനോഗ്ഗുണത്തിൻെറ നൊവേന.

(റവ. ഫാദർ വില്യം ടി. ഒ. സി. ഡി., എം. എ., എൽ. ടി.)

മാർച്ചുമാസം 4-ാംതീയതി മുതൽ 12-ാംതീയതി വരെയുള്ള ഒമ്പതുദിവസങ്ങളിൽ വി. പ്രാൻസീസ്ക് ശവൎയ്യാർപുണ്യവാനോടു ചെയ്തുവരുന്ന ഒരു പ്രത്യേക പ്രാൎത്ഥനയാണു നാം മനോഗ്ഗുണത്തിൻെറ നൊവേന എന്നു സാമാന്യം വിളിച്ചുവരുന്നതു്. ഒമ്പതു ദിവസത്തെ പ്രാൎത്ഥന മുമ്പുമുതൽക്കേ തിരുസഭയിൽ ആചരിച്ചുവരുന്ന ഒരു മുറയാണു്. നമ്മുടെ കൎത്താവിൻെറ സ്വൎഗ്ഗാരോഹണം മുതൽ റൂഹാദ്ക്കുദശായുടെ ആഗമനം വരെയുള്ള ഒമ്പതു ദിവസം ശ്ലീഹന്മാർ പരിശുദ്ധ കന്യാസ്ത്രീമറിയത്തിൻെറ ആശ്രയത്തിൽ ഒരു നവനാൾപ്രാൎത്ഥന അനുഷ്ഠിച്ചിരുന്നതായി ശ്ലീഹന്മാരുടെ നടപടിപുസ്തകത്തിൽ നിന്നു തെളിവാകുന്നുണ്ടു്. അവർ ഏകോപിച്ചു പ്രാൎത്ഥനയിൽ സ്ഥിരതയുള്ളവരായിരുന്നു എന്നാണു ശ്ലീഹാ നടപടി ഒന്നാം അദ്ധ്യായം പതിന്നാലാം വാക്യത്തിൽ കാണുന്നതു്. പ്രാൎത്ഥനയിലുള്ള സ്ഥിരതയാണു ദൈവത്തിനു പ്രസാദകരമായിട്ടുള്ളതു്. അല്ലാതെ 'ഒമ്പതു്' എന്നുള്ള സംഖ്യക്കു പ്രത്യേക ദിവ്യശക്തിയുണ്ടെന്നു ആരും തെററിദ്ധരിക്കേണ്ടതില്ല.

ഒൻപതിനു പ്രത്യേക ദിവ്യശക്തിയൊന്നുമില്ലെന്നു മൂന്നു ദിവസത്തെ പ്രാൎത്ഥന, ഏഴു ദിവസത്തെ പ്രാൎത്ഥന, എട്ടു ദിവസത്തെ തിരുനാൾ, മാസവണക്കം അഥവാ മുപ്പതു ദിവസത്തെ പ്രാൎത്ഥന ഇങ്ങനെ പല കാലസംഖ്യയും പ്രാൎത്ഥനക്കായി നിശ്ചയിച്ചിട്ടുള്ളതിൽ നിന്നു ഏറെക്കുറെ വിശദമാകുന്നുണ്ടു്. ഈ സംഖ്യകളിൽ ഓരോ പ്രത്യേക സ്മരണയുണ്ടെന്നുള്ളതു പ്രസ്താവ്യമാണു്. മൂന്നുദിവസപ്രാൎത്ഥന ദിവ്യരക്ഷകൻ കല്ലറയിൽ താമസിച്ച ആ മൂന്നു ദിവസങ്ങളുടെ സ്മരണയാണു്. ഏഴു ദിവസം ദൈവം ആദിയിൽ ഏഴുദിവസംകൊണ്ടു ലോകസൃഷ്ടി നടത്തിയതിനെ സ്മരിക്കുന്നു. എന്നാൽ എല്ലാ ദീൎഘനാൾ പ്രാൎത്ഥനകളിലും ദൈവം പ്രസാദിക്കുന്നതു നമ്മുടെ സുസ്ഥിരതയിലാണു്. ഈ സ്ഥിരതക്കു സമ്മാനമായിട്ടു ദൈവം തൻെറ ദാനങ്ങൾ വിശേഷവിധിയായി തരുന്നതുകൊണ്ടാണു പ്രത്യേക കാൎയ്യസാദ്ധ്യങ്ങ

ൾക്കായി ത്രിദിനം, നവനാൾ മുതലായി ദീർഘനാളുകളത്തേക്കുള്ള ജപങ്ങൾ നാം അനുഷ്ഠിക്കുന്നതു്.

തിരുസഭയിൽ സാമാന്യം അനുഷ്ഠിച്ചുവരുന്ന നവദിനജപങ്ങളിൽവച്ചു ഏറെക്കുറെ സാധാരണമായ ഒന്നാണു് മനോഗുണത്തിൻെറ നൊവേന. ഈ നവദിനജപങ്ങൾ ഭക്തിപൂർവ്വം അനുഷ്ഠിക്കുന്നവക്കു വി. പ്രംസീസ്ക്കോസ് ശൌര്യാർ ദൈവത്തിൽനിന്നു ലഭിച്ചുകൊടുക്കുന്ന മനോഗുണങ്ങൾ അനവധിയാകയാലാണു് ഇതിനു 'മനോഗുണത്തിൻെറ നൊവേന' എന്ന പേരുണ്ടായിരിക്കുന്നതു്. ഈ നൊവേന ഭക്തി ആരംഭിച്ചതു താഴെക്കാണുന്ന വിധത്തിലാണു്. -

ഇററലിയിലെ നേപ്പിൾസ് പട്ടണത്തിൽ താമസിച്ചിരുന്ന മസ്ത്രീലി എന്ന ജസ്വിററു വൈദികൻ 1633-ൽ ഒരപകടത്തിൽപ്പെട്ടു മരണാസന്നനായി. ശരീരസുഖം പ്രാപിച്ചാൽ പിന്നീടുള്ള ആയുഷ്കാലം മുഴുവൻ താൻ ജപ്പാൻരാജ്യത്തിൻെറ മാനസാന്തരത്തിനായി വിനിയോഗിക്കുന്നതാണെന്നു അദ്ദേഹം വി. പ്രംസീസ്ക്കോസ് ശൌര്യാരോടു മുട്ടിപ്പായി പ്രാർത്ഥിച്ചു. ഈ വിശുദ്ധൻ മരണാസന്നനായ വൈദികനു പ്രത്യക്ഷനായികൊണ്ടു് 'മകനേ! ധൈര്യമായിരിക്ക, ഞാൻ നിൻെറ അപേക്ഷയെ സ്വീകരിച്ചു നിന്നെ സുഖമാക്കുന്നതിനു വന്നിരിക്കയാണു്' എന്നരുളിച്ചെയ്തു. കൂടാതെ രക്തം ചിന്തുന്നതിനാവശ്യപ്പെട്ടാൽ അതിനും തയാറായിരിക്കണമെന്നു ഉപദേശിച്ചതുകൂടാതെ മാർച്ചു 4-ാംനു- മുതൽ 12-ാംനു-വരെ തൻെറ സ്തുതിക്കായി നൊവേന കഴിക്കയും വി. കുർബാന ഉൾക്കൊള്ളുകയും ചെയ്യുന്നവർ അപേക്ഷിക്കുന്ന കാര്യങ്ങൾ ദൈവതിരുമനസ്സിനു യോജിക്കുന്നതാണെങ്കിൽ താൻ സാധിച്ചുകൊടുക്കുമെന്നു വാഗ്ദാനംചെയ്കയും ചെയ്തു മറഞ്ഞുപോയി. മസ്ത്രീലി അച്ചൻ പൂർണ്ണമായ ശരീരസുഖവും പ്രാപിച്ചു

1637-ൽ അദ്ദേഹം മാനസാന്തരവേലക്കായി ജപ്പാനിലേക്കു പോകയും അജ്ഞാനികളുടെ ഭയങ്കരമായ പീഡകൾ സഹിച്ചു തൻെറ വേല തുടന്നെങ്കിലും ആ ആണ്ടു ഒക്ടോബർ 17-ാംനു- നാഗസാക്കിയിൽവച്ചു അവരാൽ വധിക്കപ്പെടുകയുമാണു ചെയ്തതു്. വി. പ്രംസീസ്ക്കോസ് ശൌര്യാരോടുള്ള ഭക്തി അന്നുമുതൽ ഒന്നിനൊന്നു വർദ്ധിച്ചുവന്നു. മനോഗുണത്തിൻെറ നൊവേന മൂലം ഈ വിശുദ്ധൻെറ ഭക്തർ പ്രാപിച്ചുവരുന്ന ജ്ഞാനനന്മകൾ വളരെയാണു്.

ഈ വിശുദ്ധൻെറ സഹായം ലഭിക്കുന്നതിനാഗ്രഹിക്കുന്നവർ മാർച്ചുമാസം 4-ാംതീയതി മുതൽ താഴെക്കാണുന്ന ജപം ദിനംപ്രതി ചൊല്ലുകയും കഴിയുമെങ്കിൽ ദിവസംപ്രതി വി. കുർബാന ഉൾക്കൊള്ളുകയും വേണം. എല്ലാ ദിവസവും വി. കുർബാന ഉൾക്കൊള്ളാൻ സാധിക്കാത്തവർ ചില ദിവസങ്ങളിലെങ്കിലും ഉൾക്കൊള്ളണം.

മനോഗുണത്തിൻെറ നൊവേന സാമാന്യം കഴിക്കുന്നതു് വി. പ്രംസീസ്ക്കോസ് ശൌര്യാരെ പേരു വിളിച്ച മാർച്ചു 12-ാംതീയതി അവസാനിക്കത്തക്കവണ്ണമാണു്. എന്നാൽ പ്രത്യേക നന്മ ലഭിക്കണമെന്നു ആഗ്രഹിക്കുന്നവക്കു ആണ്ടുവട്ടത്തിൽ എപ്പോഴെങ്കിലും ഒമ്പതു ദിവസം ഈ പ്രാർത്ഥന നടത്തി ഈ വിശുദ്ധൻെറ പ്രത്യേകമാദ്ധ്യസ്ഥം ലഭിക്കാവുന്നതാണു്.

## ജപം.

സ്നേഹത്തിനു ഏത്രയും പാത്രമായ സ്നേഹത്താൽ നിറഞ്ഞ പ്രംസീസ്ക്കോസ് ശൌര്യാരുപുണ്യവാളാ! നിന്നോടുകൂടെ ഞാൻ എത്രയും വലിയ ആചാരമായി ദൈവമഹിമപ്രതാപത്തെ ആരാധിക്കുന്നു. നിൻെറ ജീവിതകാലത്തിൽ സർവ്വേശ്വരൻ നിനക്കു നൽകിയ എത്രയും വിശേഷമായ ദൈവവരങ്ങളെക്കുറിച്ചും, നിൻെറ മരണത്തിൻെറ ശേഷം നിനക്കു തന്നരുളിയ ഉന്നത മഹത്വത്തിന്നടുത്ത വരങ്ങളേക്കുറിച്ചും, ഞാൻ ഏത്രയും സന്തോഷിച്ചു് അത്യന്ത പക്ഷത്തോടെ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു. പുണ്യമായി ജീവിക്കുന്നതിനു ഏത്രയും ആവ

ശ്യമായിരിക്കുന്ന ഈ മനോഗുണം നിൻെറ ഏത്രയും വല്ലഭമുള്ള മദ്ധ്യസ്ഥതയാൽ എനിക്കു തരുവിക്കേണമെന്ന എൻെറ മുഴുഹൃദയത്തോടെ നിന്നോടു ഞാനപേക്ഷിക്കുന്നു. വിശേഷിച്ചു ഈ നവനാൾവഴി ഞാൻ ആഗ്രഹിക്കുന്ന നന്മയെക്കൂട്ടി ഈ പ്രത്യേക മനോഗുണം ദൈവത്തോടു നീ പ്രാർത്ഥിച്ചു തരുവിക്കേണമെന്നു നിന്നോടു ഞാൻ അപേക്ഷിക്കുന്നു. എന്നാൽ ഞാനാഗ്രഹിക്കുന്ന ഈ നന്മ ദൈവസ്തുതിക്കും എൻെറ ആത്മാവിൻെറ രക്ഷക്കും വലിയ നന്മക്കും തക്കതല്ലെങ്കിൽ അതിന്നും ഏറ്റം തക്കതായിരിക്കുന്ന ആ നന്മയേ ദൈവത്തോടു നീ അപേക്ഷിച്ചുതരുവിക്കേണമെ. (3 അ. 3 ന. 3 ത്രി.)

# പരിശുദ്ധ വ്യാകുലമാതാവ്.

(ശ്രീമതി മേരിജോൺ– തോട്ടത്തിൻെറ ഗീതാവലിയിൽനിന്ന്)

സത്യദൈവകുമാരനാം നിജപുത്രനെപ്പരിചോടു നീ
വൃദ്ധനാം ശിമയോൻ കരത്തിലണച്ചു കാഴ്ചകൊടുക്കവേ
"ഏത്രയും കൊടുതായ വാൾ നിജ ചങ്കിലെത്തിട്ട"മെന്നു കേ-
ട്ടത്തലാലകതാരു വാടിയ നായികേ പരിപാഹിമാം!

ദുഷ്ടഭൂപതി തന്നസിക്കിരയായിടാതെ കുമാരനെ-
ത്തുഷ്ടിയോടു കരത്തിലേന്തിയിജിപ്തുദേശമതി ശീഘ്രമായ്
ഇഷ്ടനാം വരനോടുമൊത്തു കഴിച്ചൊരാവഴിയാത്രയിൽ
കഷ്ടതക്കുവിധേയയായൊരു നായികേ! പരിപാഹിമാം

ആറു രണ്ടു വയസ്സുചെന്ന ചെറുപ്പകാലമതിങ്കലെ-
ക്കൂറെഴും സുതനെ മനസ്സറിയാതെ വിട്ടുപിരിഞ്ഞഹോ
നൂറുവത്സരമെന്നപോൽ പരിതാപവഹ്നിയിലാണ്ടകം
നീറി മൂന്നുദിനം കഴിച്ചൊരു നായികേ! പരിപാഹിമാം!

മർത്ത്യവർഗ്ഗമതിൻെറ പാപഭരത്തിനാലതി കട്ടിയായ്-
ത്തീർന്നൊരാക്കുരിശും ചുമന്നു "ജെറുശ്ലേം"തെരുവീഥിയിൽ
ഗാത്രമൊട്ടു തളർന്നിഴഞ്ഞു നടന്ന പൊന്മകനേശുവേ
പാർത്തു ഹൃത്തുതകർന്നുപോയൊരു നായികേ! പരിപാഹിമാം

പുത്രനെക്കുരിശോടുകൂടിയുയർത്തി നാട്ടിയ കാഴ്ചയു-
മെത്രയും പരിതപ്തയായ് കുരിശിൻചുവട്ടിലിരിക്കവേ
മർത്ത്യരക്ഷകനേശുവിൻെറ മനുഷ്യമക്കളെയാകവേ
പുത്രരായരുളിജ്ജയിച്ചൊരു നായികേ! പരിപാഹിമാം.

പാടുപെട്ടു തകർന്നൊരത്തിരുമേനിയേ പരജീവനാ-
യാടലോടു കരത്തിലേന്തി മടിസ്ഥലത്തു കിടത്തി നീ
ച്ചൂടെഴും തവ കണ്ണുനീർകണമായൊരാ ചെറുമുത്തുകൾ
മോടിയോടു പതിച്ചു കേണൊരു നായികേ! പരിപാഹിമാം

ഏകപുത്രനനന്തരം പ്രാണമറ്റു ദേഹിവെടിഞ്ഞഹോ!
ലോകമാകവെ ഭീതിയാർന്നു വിറച്ചിരുന്നൊരു രാത്രിയിൽ
ഏകയായ് മകനേ നിനച്ചു മനം തകർന്നു കരഞ്ഞുകൊ-
ണ്ടാകുലാബ്ധിയിലാണ്ടുവാണൊരു നായികേ! പരിപാഹിമാം.

# സ്ലീവാപ്പാതയുടെ ചരിത്രം.

(റവ. ഫാദർ തോമസ് മൂഞ്ഞേലി.)

പീലാത്തോസിൻെറ അരമനയുടെ മുററംമുതൽ ഗാഗുൽത്താവരെ ഈശോ തൻെറ ഭാരമുള്ള കുരിശു വഹിച്ചുകൊണ്ടുപോയ വഴിയാത്രയാണു പ്രഥമ സ്ലീവാപ്പാത. ഈശോ കഴിഞ്ഞാൽ ആരാണു സ്ലീവാപ്പാത ആദ്യമായി സ്ഥാപിച്ചത്? പ. കന്യകമറിയമാണെന്നാണു പൊതുവെയുള്ള അഭിപ്രായം. ദുഃഖശനിയാഴ്ച പരിശുദ്ധ മറിയം തലേദിവസം തൻെറ മകൻ നടന്നവ്യാകുലം നിറഞ്ഞ വഴിയിൽ കൂടി അനുസഹിച്ച സകല പീഡകളേയും വ്യസനപൂർവ്വം ഓർത്തു ധ്യാനം ചെയ്തു കടന്നുപോയി. പിന്നീടു ദിവ്യജനനിയും ശിഷ്യഗണവും ഭക്തവനിതകളും പല തവണ പ്രാർത്ഥനയിലും ധ്യാനത്തിലും നിമഗ്നരായി ആ വഴിയിൽ കടന്നു ദിവ്യരക്ഷകൻെറ പീഡാനുഭവസ്ഥലങ്ങൾ സന്ദർശനം ചെയ്തു. പൂർവ്വക്രിസ്ത്യാനികളുടെ തീർത്ഥാടനസംഘം അധികമായതിനാൽ കുപിതനായ ഹാഡ്റിയൻ എംപ്രദോർ അവരെ ഇതിൽനിന്നു അകററുന്നതിനായി രണ്ടാംശതകത്തിൽ ഗാഗുൽത്താമലയിൽ ഒരമ്പലം പണിയിച്ചു. എന്നാൽ വിശുദ്ധ ഹേലനാ തിരുക്കുരിശു കണ്ടുപിടിച്ചപ്പോൾ അജ്ഞാനികളുടെ അമ്പലം സ്ഥിതിചെയ്തിരുന്ന സ്ഥലത്തു ഒരു ക്രിസ്തീയ ദേവാലയം പണികഴിപ്പിച്ചു. അന്നുമുതൽ ഭൂലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും തീർത്ഥകന്മാർ ആയിരക്കണക്കിനു കൂട്ടംകൂട്ടമായി വന്നുകൊണ്ടിരുന്നു. കാലാന്തരത്തിൽ വിശുദ്ധ സ്ഥലം അവിശ്വാസികളായ തുർക്കികളുടെ അധീനത്തിലായി. ഏതന്നിമിത്തം സാക്ഷാലുള്ള സ്ലീവാപ്പാതഭക്തിക്രമം നടത്തുന്നതു ആപൽക്കരവും അനുചിതവുമായിത്തീർന്നു. പരിശുദ്ധസ്ഥലങ്ങളുടെ സംരക്ഷണ ഫ്രാൻസിസ്കൻസഭക്കാർക്കു ഏല്പിക്കപ്പെട്ടതോടുകൂടി സ്ലീവാപ്പാതഭക്തി യൂറോപ്പിൽ പ്രചരിക്കയും ക്രമേണ പാശ്ചാത്യ മിഷ്യനറിമാർ വഴിയായി ഭൂലോകമൊട്ടുക്കു നടപ്പിൽ വരികയും ചെയ്തു. ഇപ്പോൾ കത്തോലിക്കലോകത്തിൽ സർവ്വത്ര നടപ്പിലിരിക്കുന്നസാധാരണവും വിലയേറിയതുമായ ഒരു സൽകൃത്യമാകുന്നു കുരിശിൻെറ വഴി. പതിന്നാലു സ്ഥലങ്ങളിൽ ഓരോന്നും ക്രീസ്തുവിൻെറ ഓരോ പീഡാനുഭവസ്ഥലത്തേയും ജ്ഞാപകപ്പെടുത്തുന്നു. ഒരു സ്ഥലത്തുനിന്നും അടുത്ത സ്ഥലത്തേക്കു അവിടവിടെ ജ്ഞാപകപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളെ ധ്യാനിച്ചുകൊണ്ടുപോകണമെന്നല്ലാതെ നിശ്ചിതമായ യാതൊരു പ്രാർത്ഥനകളും വേണമെന്നു നിർബന്ധമില്ല. സ്ലീവാപ്പാതയുടെ ഉത്ഭവം പരിശുദ്ധമായിരിക്കുന്നതുപോലെ അതിൻെറ ഫലവും പരിശുദ്ധമാകുന്നു. സ്ലീവാപ്പാതയിൽ ക്രീസ്തുവിൻെറ പീഡാനുഭവത്തിന്മേലുള്ള സ്മരണ നമ്മുടെ പരീക്ഷകളിലും അരിഷ്ടതകളിലും ആശ്വാസപ്രദമായിത്തീരുകയും ദൈവത്തിൻെറ പ്രത്യേകാശീർവ്വാദങ്ങളെ ആത്മാവിൽ സുലഭമായി വർഷിക്കയും ചെയ്യുന്നു. ഇതിൽ പീഡാനുഭവസ്ഥലങ്ങൾ നമ്മുടെ മാനസിക ദൃഷ്ടിക്കു ദൃശ്യമാകുന്നു. ഓർശ്ലേമിലും മററു പരിശുദ്ധ സ്ഥലങ്ങളിലും പോയി നിർവ്വഹിക്കുവാൻ അസാദ്ധ്യമായ തീർത്ഥാടനം നമുക്കു അരുപിയിൽ ചെയ്യുവാൻ ഇതുവഴിയായി ശക്യമാകുന്നു. സ്ലീവാപ്പാത ക്രീസ്തുവിൻെറ പീഡാനുഭവത്തിന്മേലുള്ള ഒരു ധ്യാനപുസ്തകമാണെന്നു പറയാം. അക്ഷരജ്ഞാനമില്ലാത്തവർക്കു പോലും ഈ ഗ്രന്ഥം പാരായണം ചെയ്യുവാൻ സാധിക്കും. കൂടാതെ സ്ലീവാപ്പാത കഴിക്കുന്നവർക്കു നിരവധി ദണ്ഡവിമോചനങ്ങളും തിരുസഭയിൽനിന്നു കല്പിച്ചനുവദിച്ചിട്ടുണ്ട്. ഇത്രയധികം ദണ്ഡവിമോചനം ലഭിക്കാവുന്ന ഒരു ഭക്തികൃത്യം തിരുസഭയിൽ വേറെയില്ല. തിരുസ്ഥലങ്ങളിൽ പോയി സന്ദർശനംചെയ്തു ലഭിക്കാൻ പാടുള്ള സക

ല ദണ്ഡവിമോചനങ്ങളും സ്ലീവാപ്പാഥ സ്ഥാപിച്ചിട്ടുള്ള ദേവാലയത്തിൽ ചെന്നു പ്രസ്തുത ഭക്താഭ്യാസം ചെയ്യുന്നവർക്കും സിദ്ധിക്കാവുന്നതാണ്. എന്നാൽ പരിശുദ്ധ സംഘം 1731-ൽ സ്ലീവാപ്പാഥഭക്തിമൂലം ലഭിക്കാവുന്ന ദണ്ഡവിമോചനം എത്രയെന്നും ഏതെന്നും നിശ്ചയിക്കുവാൻ പാടില്ലെന്നു പ്രത്യേക നിബന്ധന ചെയ്തിട്ടുണ്ട്. ഉല്പത്തിയിലും ഫലത്തിലും പരിപാവനമായ സ്ലീവാപ്പാഥഭക്തി എളുപ്പമായ ഒരു പ്രാർത്ഥനയാകുന്നു. പാപങ്ങളിന്മേൽ അനുതപിച്ചു "അങ്ങേ പീഡാനുഭവ വഴിയുടെ കാരണഭൂതൻ ഞാനാകുന്നു" എന്നു അനുസ്മരിച്ചുകൊണ്ടു വേണം ഈ ഭക്തി ആരംഭിക്കാൻ. മാത്രമല്ല ഓരോ പടവും സൂചിപ്പിക്കുന്ന മിശിഹായുടെ പീഡകൾ മനസ്സിൽ തീക്ഷ്ണതയോടുകൂടി പതിക്കയും നമ്മുടെ കുരിശു വഹിച്ചുകൊണ്ടു അങ്ങേ പിൻചെല്ലണമെന്നുള്ള ക്രിസ്തുവിൻെറ സന്ദേശം അക്ഷരംപ്രതി അനുസരിക്കുന്നതിനുവേണ്ട ശക്തിയും ധൈര്യവും ആ വഴിയായി പ്രാപിപ്പാൻ ഉത്സാഹിക്കയും വേണം.

# മാർ യൗ. പിതാവിനോടുള്ള ഭക്തി

(ററി. എസ്സ്. ബി.)

ഇപ്പോൾ കത്തോലിക്കലോകത്തിൽ വി. യൌസേപ്പുപിതാവിൻെറ നേർക്കുള്ള ഭക്തിയെപ്പററി കേട്ടിട്ടില്ലാത്തവരും, തദ്വാരാ നിരവധി നന്മകൾ പ്രാപിച്ചിട്ടില്ലാത്തവരുമായി അധികംപേരുണ്ടെന്നു തോന്നുന്നില്ല. എങ്കിലും ഈ വിശുദ്ധൻെറ ബഹുമാനാർത്ഥം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ മാർച്ചു മാസത്തിൽ ഈ ഭക്തിയെപ്പററി അല്പം പ്രസ്താവിക്കുന്നതു ധാരാളം കേട്ടുപരിചയമുള്ളവർക്കും അല്ലാത്തവർക്കും ഒരുപോലെ ഉപകാരപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു.



ഈ ഭക്തി പ. ക. മറിയത്തോടുള്ള ഭക്തിയെപ്പോലെ അത്ര പ്രാചീനമല്ലെങ്കിലും പ്രാധാന്യത്തിൽ അതിൽനിന്നും ഒട്ടും പിന്നോക്കമല്ലെന്നുള്ളതു സർവ്വവിദിതമത്രെ. ഇതത്ര പ്രാചീനമല്ലാതിരിക്കുന്നതിനും കാരണമില്ലാതില്ല. ആദിമ ക്രിസ്തീയശതകങ്ങളിൽ പല ഇടത്തുട്ടുകാരും മതവിദ്വേഷികളും ക്രിസ്തുവിൻെറ ദൈവത്വത്തെപ്പോലും നിഷേധിച്ചു പല അക്രമങ്ങൾ ചെയ്വാനൊരുമ്പെട്ടിരുന്നതിനാൽ അതുതന്നെ ആദ്യമായി സംസ്ഥാപിച്ചുപ്രബലപ്പെടുത്തേണ്ടിയിരുന്നു. പ്രത്യുത, അന്നു മാർ യൌസേപ്പിനോടുള്ള ഭക്തി ആദിയായവ സാധിച്ചിരുന്നുവെങ്കിൽ പ്രഥമതഃ സ്ഥാപിക്കേണ്ടിയിരുന്ന വാദകോടികൾ കൂടെയും മുൾചെടികളുടെ ഇടയിൽ വീണ മുളച്ചവിത്തുപോലെ അനാസ്തിക ജനതാമദ്ധ്യത്തിൽ ഞെരുക്കപ്പെട്ടു ദുർബലപ്പെട്ടുപോകുമായിരുന്നു. അതിനു തിരുസഭയുടെ ജ്ഞാനഗുരുവും ജീവനാഡിയുമായ പരിശുദ്ധാരൂപി അനുവദിക്കായ്കയാലാണ ഈ ഭക്തി പ്രചരിക്കുവാൻ കാലതാമസം നേരിട്ടതു്. എന്നാൽ അക്കാലത്തു അപ്രതിഹതമായ അക്കാഴ്ചത്തിൽ അ

ങ്ങനെ ചെയ്യേണ്ടിവന്നുവെങ്കിലും ഈ ഭക്തി ജനങ്ങൾക്കു ഒരു സമ്പ്രദായമാണെന്നു കാലാന്തരത്തിൽ നമ്മുടെ ആദ്ധ്യാത്മികോൽക്കർഷേച്ഛുവായ പരിശുദ്ധാത്മാവു നമ്മെ ഗ്രഹിപ്പിക്കാതിരുന്നില്ല. അതുകൊണ്ടു് മതവിരോധികളുടെ നിരോധം അല്പം ശമിച്ചതോടുകൂടി ഈ ഭക്തകൃത്യം ഫലപ്രദമാംവണ്ണം അനുഷ്ഠിപ്പിക്കുന്നതിനു അങ്ങുന്നു തിരുമനസ്സായി. പ്രാധാന്യത്തിൽ ഉത്തു ദൈവജനനിയോടുള്ള ഭക്തിയിൽനിന്നു ഒട്ടും പിന്നോക്കമല്ലെന്നു പറഞ്ഞതു് ഈ സിദ്ധനു സിദ്ധമായിരിക്കുന്ന 'ദൈവത്തിന്റെ വളർത്തുപിതാവു' 'രക്ഷിതാവു', 'ദൈവജനനിയുടെ പ്രിയവല്ലഭൻ' എന്നിങ്ങനെയുള്ള സ്ഥാനമാനങ്ങളാലാണു്.

പാശ്ചാത്യ ദിക്കുകളിൽ മുൻപ്രസ്താവിച്ച ചില പ്രത്യേക കാരണങ്ങൾ ഈ ഭക്തിപ്രചാരണത്തിനു വിഘാതങ്ങളായെങ്കിലും പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ പൗരസ്ത്യപ്രദേശങ്ങളിൽ ഇതിനു പ്രചുരപ്രചാരം സിദ്ധിക്കാതിരുന്നില്ല. ഈ പുണ്യവാന്റെ നാമത്തിൽ സംസ്ഥാപിതങ്ങളായിരിക്കുന്ന നിരവധിസ്ഥാപനങ്ങൾ ഇതിനു പ്രത്യക്ഷലക്ഷ്യങ്ങളാണു്. ഇന്നും കിഴക്കൻ രാജ്യങ്ങളിലാണെന്നു തോന്നുന്നു യൂറോപ്പു മുതലായ ഇതര രാജ്യങ്ങളെ അപേക്ഷിച്ചു 'യൗസേപ്പ്' 'മറിയം' എന്നീ നാമധാരികൾ ധാരാളമുള്ളതു്. ഇതും നമ്മുടെ പുണ്യവാനോടുള്ള ഭക്തിയിൽ നിന്നല്ലെങ്കിൽ പിന്നെ മറ്റെന്തിൽനിന്നായിരിക്കും! ഭാഗ്യസ്മരണാർഹനായ 15-ാം ബനഡിക്തോസ് മാർപ്പാപ്പാ ഈ സംഭവത്തെ രേഖപ്പെടുത്തീട്ടുണ്ടു്. പൗരസ്ത്യരായ കർമ്മലീത്തൻ സന്യാസികളാണു ആദ്യമായി ഈ ഭക്തി പാശ്ചാത്യരാജ്യങ്ങളിൽ പ്രചരിപ്പിച്ചിട്ടുള്ളതു എന്നാണു് അദ്ദേഹം പറയുന്നതു്. അതിനുശേഷം ഫ്രാൻസിസ്കൻ സഭക്കാർ, ഡൊമിനിക്കൻ സഭക്കാർ ആദിയായവർ ഈ വിഷയത്തിൽ കർമ്മലീത്തൻ സന്യാസികളെ അനുകരിപ്പാൻ തുടങ്ങി. വി. ഫ്രാൻസിസ് ദെസാലെസ്, വി. അമ്മത്രേസ്യാ, ജെർസോൺ മുതലായവരായിരുന്നു ഇതിൽ പ്രമുഖർ. നമ്മുടെ അമ്മത്രേസ്യാ പുണ്യവതി യൗസേപ്പു പുണ്യവാന്റെ നാമത്തിൽ പല സ്ഥാപനങ്ങൾ ഏർപ്പെടുത്തുകയും, തന്റെ കീഴിലുള്ള കന്യാസ്ത്രീകളെ ഈ ഭക്തിയിൽ തീക്ഷ്ണത പ്രദർശിപ്പിച്ചു കാണ്മാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. പുണ്യവതി ജീവിച്ചിരിക്കുമ്പോൾ യൗസേപ്പുപിതാവിന്റെ നാമത്തിൽ സ്ഥാപിച്ചിരുന്ന ഒരു കന്യകാമഠത്തിനു തന്റെ മരണാനന്തരം സ്ഥാനമേറ്റ മഠാധിപ പഴയപേർ മാറ്റി 'വിശുദ്ധ ത്രേസ്യായുടെ മഠം' എന്നു പുതിയപേർ കൊടുക്കുകയുണ്ടായി. പക്ഷെ, ഏറെ താമസിയാതെ തന്നെ പുണ്യവതി അവൾക്കു കാണപ്പെട്ടുകൊണ്ടു മഠത്തിന്റെ പേർ മാറ്റിയതിനെക്കുറിച്ചു വളരെ കർശനമായി ശാസിക്കുകയും പഴയ നാമത്താൽതന്നെ അതിനെ വിളിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തതായി ചരിത്രത്തിൽനിന്നു നാം അറിയുന്നു. എന്തിനധികം! ചുരുങ്ങിയ കാലത്തിനുള്ളിൽ അനേകം സഭകളും, സമുദായങ്ങളും, വിദ്യാലയങ്ങളും, സംഘങ്ങളും, ആസ്പത്രികളും, അനാഥശാലകളും യൗസേപ്പു പിതാവിന്റെ നാമത്തിൽ സംസ്ഥാപിതങ്ങളാവുകയും, അനേകം താപസന്മാർ അങ്ങേയോടുള്ള ഭക്തി തങ്ങളുടെ ധ്യാനവിഷയമാക്കിത്തീർക്കുകയും. മറ്റുചിലർ ഇതിനാൽ പ്രേരിതരായി രോഗിശുശ്രൂഷയിലും സാധുസംരക്ഷണയിലും തങ്ങടെ ആയുഷ്കാലം മുഴുവനും ചിലവഴിക്കുകയും, കൂലിവേലക്കാർ അങ്ങേ സ്തുതിക്കായിട്ടും, അവരുടെ ജോലിയിൽ അഭിവൃദ്ധി ലഭിക്കുന്നതിനായിട്ടും അവരെത്തന്നെ പ്രതിഷ്ഠിക്കുകയും, യുവജനങ്ങൾ അങ്ങയുടെ സങ്കേതം തേടി ഹൃദയശുദ്ധതയിൽ സമാശ്വസിക്കുകയും, വൃദ്ധന്മാർ തന്നിൽ സമാധാനം കണ്ടെത്തുകയും ചെയ്തിരുന്നുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ഇതിൽ കൂടുതലായി എന്താണു നമുക്കു അഗ്രഹിപ്പാനുള്ളതു്.

ഇങ്ങനെ പ്രസ്തുത ഭക്തിക്കു വിശ്വാസികളുടെയിടയിൽ പ്രചുരപ്രചാരം സിദ്ധിച്ചുവെന്നു ഗ്രഹിക്കുകയാലും

ണു അതിനെ ഒന്നുകൂടി പ്രോത്സാഹിപ്പിക്കുന്നതിനായി ക്രി. 1847-ൽ സുസ്മരണാർഹനായ ഒമ്പതാം പീയൂസ് മാർപ്പാപ്പാ ഈ സദ്ധനെ തിരുസഭയുടെ മദ്ധ്യസ്ഥനായി തിരിഞ്ഞെടുക്കുകയും 1870-മുതൽ മാർച്ചുമാസം മുഴുവനും ഈ പുണ്യവാൻെറ ബഹുമാനാർത്ഥം സന്തോഷം കൊണ്ടാടണമെന്നു കല്പിച്ചനുമതി നൽകുകയും ചെയ്തിട്ടുള്ളതു്. ഇപ്പോൾ കത്തോലിക്കലോകമൊട്ടുക്കു ദൈവജനനിയായ പ. ക. മറിയത്തോടുള്ള ഭക്തി കഴിഞ്ഞാൽ പിന്നെ ഫലപ്രദമായിട്ടുള്ളതും, പ്രഥമസ്ഥാനം അർഹിക്കുന്നതും ഈശോമിശിഹായുടെ വളത്തുപിതാവിനോടുള്ള ഭക്തിയാണ്. ഇപ്രകാരം ആചരിപ്പാൻ തിരുസഭ ആജ്ഞാപിക്കുന്നതും ന്യായവും ബുദ്ധിപൂർവ്വമാണെന്നു താഴെപറയുന്നവയിൽനിന്നു ഗ്രഹിക്കാവുന്നതാണ്.

മാർ യൌസേപ്പു പിതാവിനോടു ഭക്തിയുള്ളവരായിരിപ്പാൻ വല്ല കാരണങ്ങളും നമ്മെ നിർബന്ധിക്കുന്നുണ്ടോ എന്നാണ് പ്രഥമമായി ചിന്തിക്കേണ്ടതു്. മനുഷ്യാത്മാവു ശരീരത്തെ എപ്രകാരം നിയന്ത്രിക്കുന്നുവോ, അതുപോലെതന്നെ പരിശുദ്ധാരൂപി അദൃശ്യനായി നിന്നുകൊണ്ടു നമ്മുടെ കർത്താവിൻെറ പ്രതിജ്ഞാനുസരണം തിരുസഭയെ പരോക്ഷമായി പരിരക്ഷിച്ചുപോരുന്നതായിട്ടാണല്ലോ നാം കണ്ടുവരുന്നതു്. അങ്ങുന്നു സദാ സഭയുടെ സംരക്ഷകനും ജ്ഞാനഗുരുവുമായി വർത്തിക്കുന്നു. നമ്മുടെ ദിവ്യരക്ഷകൻ ചെയ്തിട്ടുള്ള വാഗ്ദാനം മാത്രമല്ല, തൻെറ നീതി കൂടിയും ഇപ്രകാരം പ്രവർത്തിക്കുന്നതിനു തന്നെ നിർബന്ധിക്കുന്നു. ഇതു അവിടുന്നുതന്നെ വി. യോഹന്നാനോടു കല്പിച്ചരുളിയ "എല്ലാററിലും നീതിപ്രവർത്തിക്കുന്നതിനു നാം കടപ്പെട്ടിരിക്കുന്നു" എന്ന വാക്കുകളിൽ നിന്നു പ്രസ്പഷ്ടമാകുന്നുണ്ടു്. തദർത്ഥമായിരിക്കണം താൻ അങ്ങേ ദിവ്യമാതാവായ പ. ക. മറിയത്തെ ഗബ്രിയേൽദൈവദൂതൻ വഴിയായി "നന്മനിറഞ്ഞവൾ" എന്നു അഭിസംബോധനം ചെയ്തതു്. സർവ്വേശ്വരൻെറ നീതി സർവ്വത്ര നിറവേറേണ്ടെങ്കിൽ വി. ലിഖിതത്തിൽ യൌസേപ്പുപിതാവിനെക്കുറിച്ചു പറഞ്ഞിട്ടുള്ള 'നീതിമാൻ' എന്ന വാക്കു അനന്വർത്ഥവും അസംയോജ്യവും ആയിരിക്കണം. ഇങ്ങനെ തൻെറ പുണ്യയോഗ്യതകൾകൊണ്ടു ഇപ്രകാരമുള്ള ഒരു മഹോന്നതസ്ഥാനത്തിന്നർഹനായി, തന്മൂലം ദൈവത്തെ സർവ്വോപരി പ്രസാദിപ്പിച്ചിരുന്ന സ്ഥിതിക്കു, നമ്മുടെ ആദ്ധ്യാത്മികോന്നമനത്തെ സർവ്വദാ കാംക്ഷിക്കുന്ന പരിശുദ്ധാത്മാവ് ഈ ഭക്തി നമുക്കുപദേശിച്ചുതന്നതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല.

വി. യോഹന്നാൻ മാംദാന തൻെറ ജനനത്തിനു അല്പം മുമ്പു മാത്രമെ ജന്മപാപരഹിതനായിത്തീർന്നുള്ളു. എന്നാൽ വി. യൌസേപ്പിൻെറ സ്ഥാനം യോഹന്നാൻെറതിനേക്കാൾ ഉന്നതമായിരുന്നതിനാൽ വി. യോഹന്നാനേക്കാൾ ശ്രേഷ്ഠമായ വിധത്തിൽ താൻ ജന്മപാപവിമുക്തനായിത്തീർന്നു എന്നു വേദശാസ്ത്രപാരംഗതന്മാർ സയുക്തികം സമർത്ഥിക്കുന്നുണ്ടു്. ഇങ്ങനെ നോക്കുന്നതായാൽ അളവില്ലാത്തവണ്ണം ഗുണഗണങ്ങളെ കണ്ടുപിടിക്കാൻ നമുക്കു സാധിക്കും. പക്ഷെ ഈ വിശുദ്ധനോടു ഭക്തി കാണിപ്പാൻ ഇവ ധാരാളം മതിയായിരിക്കുന്നു. ആകയാൽ പരമാർത്ഥതയോടും സ്ഥിരതയോടും എല്ലാററിനും ഉപരിയായി ദൈവസ്തുതിയെ മുൻനിറുത്തിക്കൊണ്ടും നമുക്കാവശ്യമായിരിക്കുന്ന സകല നന്മകളെയും ഈ വിശുദ്ധൻ വഴിയായി നമുക്കു പ്രാപിക്കാം. ഇതിനു വി. അമ്മത്രേസ്യായുടെ വാക്കുകൾ തന്നെ നമുക്കു ധൈര്യം നൽകട്ടെ. ഇതുവരെ യൌസേപ്പുപിതാവിനോടു ഞാൻ അപേക്ഷിച്ചയാതൊന്നും നിഷേധിക്കപ്പെട്ടിട്ടില്ല. സംശയമുള്ളവർ പരീക്ഷിച്ചറിയട്ടെ.

# ൧൯൨൮ മീനമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

---

## വി. യൌസേപ്പുപിതാവിന്റെ നേരെയുള്ള ഭക്തിവൎദ്ധന.

വി. യൌസേപ്പു പിതാവിന്റെ നേരെയുള്ള ഭക്തി ഒരു ആധുനികഭക്തിയാണെന്നു പറയാം. ദൈവത്തിന്റെ പ്രതിനിധിയായി തിരുക്കുടുംബം ഭരിച്ചു നടത്തിയ ഈ വിശുദ്ധനു പരസ്യമായ വന്ദന ആദ്യ ശതകങ്ങളിൽ തിരുസഭയിൽ നടന്നുവന്നില്ലാ എന്നതു നേരുതന്നെ. എന്നുവരികിലും വിശുദ്ധ യൌസേപ്പിന്റെ ഉയൎന്ന സ്ഥാനമഹിമ ആദ്യകാലം മുതൽക്കുതന്നെ വേദവിദ്യാപാരഗന്മാർ ശരിയായി ഗ്രഹിച്ചിട്ടുണ്ടായിരുന്നു എന്നു വി. ജുസ്തിൻ, ഈറാനീമ്മോസ് മുതലായ വേദശാസ്ത്രികളുടെ ഗ്രന്ഥങ്ങളിൽ നിന്നു തെളിവാകുന്നുണ്ട്. പന്ത്രണ്ടാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. ബെൎന്നാൎദ്ദ് വി. യൌസേപ്പു പിതാവിന്റെ ഒരു വലിയ ഭക്തനായിരുന്നു. ഈവിശുദ്ധൻ യൌ. പിതാവിനെ പൂൎവ്വാധികം ബഹുമാനിക്കേണ്ട ആവശ്യകതയെ ചൂണ്ടിക്കാണിക്കയും തദ്വാരാ ഈ വിശുദ്ധ പിതാവിന്റെനേരെയുള്ള ഭക്തി ക്രമേണ വൎദ്ധിച്ചു വരികയും ചെയ്തുകൊണ്ടിരുന്നു. 15-ാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജർസോൻ എന്ന മഹാൻ വി. യൌ. പിതാവിന്റെ സ്തുതിക്കായി ഒരു തിരുനാൾകൊണ്ടാടുന്നതിനു 1414-ൽ കൊൺസ്റ്റാൻസുപട്ടണത്തിൽ കൂടിയ സൂനഹദോസിൽ ഒരു അപേക്ഷ സമൎപ്പിക്കയുണ്ടായി. വി. ബെൎന്നൎദീനോസ്, ദൊമ്നീക്കോസ് സഭക്കാരനായ ഇസിദോർ, ജസ്വിറ്റനായ സ്വാരേസ് ആദിയായ ശാസ്ത്രജ്ഞന്മാർ വി. യൌസേപ്പിന്റെ മഹിമകൾ വൎണ്ണിക്കയും വിശ്വാസികളെ ഈ വിശുദ്ധന്റെ നേരെ ഭക്തിയായിരിക്കുന്നതിനു പ്രോത്സാഹിപ്പിക്കയും ചെയ്തുവന്നിരുന്നു. എന്നാൽ യൌസേപ്പുപിതാവിന്റെ നേരെയുള്ള ഭക്തിയുടെ ഒരു പ്രധാന പ്രേഷിത വി. ത്രേസ്യാപ്പുണ്യവതിയാണ്. ഈ വിശുദ്ധയുടെ പ്രയത്നഫലമായി 1626-ൽ എട്ടാംഉർബാനോസ് മാൎപ്പാപ്പാ വി. യൌസേപ്പുപിതാവിന്റെ തിരുനാൾ ഫ്രാൻസുരാജ്യത്തിൽ കടമുള്ള തിരുനാളായി നിയമിച്ചു. 1714-ൽ 11-ാംക്ലെമെൻസ് മാൎപ്പാപ്പാ ഈ വിശുദ്ധനെക്കുറിച്ചുള്ള ജപം വൈദികരെല്ലാം ചൊല്ലണമെന്നാജ്ഞാപിച്ചു. 1847-ൽ ഒൻപതാംപീയൂസ് മാൎപ്പാപ്പാ വി. യൌസേപ്പിന്റെ മാദ്ധ്യസ്ഥതിരുനാൾ എന്നപേരിൽ ഒരു തിരുനാൾക്കൂടി നിശ്ചയിച്ചു. കടശി തിരുസഭക്കു നേരിട്ടിരുന്ന ഘോര വിപത്തുകളിൽ ഈ വിശുദ്ധനെ തിരുസഭയുടെ പരിത്രാതാവായി നിശ്ചയിച്ച് 1870-ൽ പ്രഖ്യാപനം ചെയ്കയും ചെയ്തു. ഇന്നു വി. യൌ. പിതാവിന്റെനേരെയുള്ള ഭക്തിക്രമേണവൎദ്ധിച്ചുതന്നെയാണു വരുന്നതു്. എന്നാൽ എല്ലാ ക്രിസ്തീയകുടുംബങ്ങളുംതങ്ങളുടെ ഈ വിശുദ്ധ മാതൃകയെ അനുകരിച്ചെങ്കിൽ മാത്രമെ തിരുസഭക്കു തൃപ്തിയാകയുള്ളു. ആകയാൽ ഈ വിശുദ്ധ പിതാവിന്റെ സ്തുതിക്കായി പ്രത്യേകം നിശ്ചയിച്ചിരിക്കുന്ന ഈ മാസത്തിൽ തിരുഹൃദയഭക്തന്മാർ വി. യൌ. പിതാവിന്റെ നേരെയുള്ള ഭക്തി മേൽക്കുമേൽ വൎദ്ധിക്കുന്നതിനു പ്രാൎത്ഥിക്കണമെന്നു പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നു.



എപ്രിൽമാസം:—

"കത്തോലിക്കപരിശ്രമം"

# കുഞ്ഞുമക്കൾക്ക്

## 1. വി. ലൂയീസു ഗൊൺസാഗാ.

### 3. വിശുദ്ധൻെറ എളിമ.

പ്രിയ കുഞ്ഞുങ്ങളെ,

എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനമായ എളിമ സമ്പാദിക്കുന്നതിനു വി. ലൂയീസു കാണിച്ചിരുന്ന താല്പര്യം പ്രത്യേകം അനുകരണീയമാണു. എളിമ ഉള്ളിനട്ടത്തും പുറമേയുള്ളതും ഇങ്ങനെ രണ്ടു തരത്തിലുണ്ടു്. "ഞാൻ സാക്ഷാൽ ഇല്ലായ്മയാണ്. വല്ലതും എനിക്കുണ്ടെങ്കിൽ എല്ലാം ദൈവത്തിൽ നിന്നും കിട്ടിയിട്ടുള്ളതേയുള്ളു. ദൈവസഹായം കൂടാതെ എനിക്കു യാതൊന്നും ചെയ്യാൻ സാധിക്കയില്ല." എന്നിങ്ങനെയുള്ള നേരായ ബോധമാണു ഉള്ളിനട്ടത്ത എളിമ. എന്നാൽ ഉള്ളേ ഈവിധമൊക്കെ കരുതിക്കൊണ്ടിരുന്നാലും പുറമെയുള്ള അഭ്യാസങ്ങൾകൊണ്ടു ആ ബോധം ഉറപ്പിക്കാഞ്ഞാൽ അവസരം വരുമ്പോൾ വേഗം അതു ഇളകിപ്പോകും. അതിനാൽ വി. ലൂയീസു ഈ പുണ്യത്തിൽ അഭ്യസിക്കാൻ കിട്ടുന്ന അവസരങ്ങളെ ആഗ്രഹത്തോടെ തേടിക്കൊണ്ടുവന്നിരുന്നു. കീറിപ്പറിഞ്ഞ പഴവസ്ത്രങ്ങളും ധരിച്ചു റോമാനഗരത്തിൻെറ തെരുവുകളിൽ കൂടെ പലപ്പോഴും ഭിക്ഷാടനത്തിനു പോകുന്നതിനു അനുമതി ലഭിച്ചിരുന്നതു ലൂയീസു വലിയ ഒരു ഭാഗ്യമായി കരുതിവന്നു. ഈ ജോലിയിൽ മനസ്സിനു വെറുപ്പു തോന്നിയിട്ടില്ലയോ എന്നു ആരോ ചോദിച്ചതിനു പുണ്യവാൻ ഇങ്ങനെയാണു ഉത്തരിച്ചതു്. "എന്നെ കാണുന്നവർ ഒന്നുകിൽ എന്നെ അറിയുന്നവരായിരിക്കും, അല്ലെങ്കിൽ അറിയാത്തവരായിരിക്കും. അറിയുന്നവരാണെങ്കിൽ എനിയ്ക്കു ഒന്നുകൊണ്ടും വല്ലായ്മയ്ക്കു കാരണമില്ല. അറിയാത്തവരാണെങ്കിലോ അത്ഭുതപ്പെടുകയില്ലല്ലോ.

സ്വന്ത കുലശ്രേഷ്ഠതയെപ്പററിയും മററും വല്ലവരും സംഗതിവശാൽ സംസാരിക്കാനിടയായാൽ ലൂയീസിനു അതു തീരെ അസഹ്യമായിരുന്നു. ഒരിക്കൽ പുണ്യവാനെ ചികിത്സിപ്പാൻ വന്ന ഒരു ഡോക്ടർ ഗൊൺസാഗാ കുടുംബത്തിൻെറ മഹത്വത്തെയും മാൻറുവാ രാജവംശത്തോടു അതിനുള്ള ബന്ധത്തെയും കുറിച്ചു സംസാരിച്ചുതുടങ്ങി. "സന്യാസത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ പിന്നെ പഴയ കാര്യങ്ങളോടൊന്നും ഞങ്ങൾക്കൊരു സംബന്ധവുമില്ല" എന്നു അനിഷ്ടഭാവത്തിൽ ലൂയീസു പറഞ്ഞതോടെ ഡോക്ടരുടെ സംഭാഷണവിഷയം മാററിക്കളഞ്ഞു. ഈവിധത്തിലൊക്കെയാണു നമ്മുടെ വിശുദ്ധൻ എളിമയിൽ ആഴമായി അടിസ്ഥാനമുറപ്പിച്ചതു്. പ്രിയകുഞ്ഞുങ്ങളേ, നിഗളത്തെ നിങ്ങളുടെ ഹൃദയത്തിൽനിന്നു തള്ളിപ്പുറത്താക്കിയിട്ടു സാക്ഷാലുള്ള എളിമ അതിൽ വേരുറപ്പിക്കണം. എളിമയുള്ളവരെ ദൈവത്തിനും മനുഷ്യർക്കും ഇഷ്ടമായിരിക്കും. നിഗളികളോടു ദൈവം മറുതലിക്കുന്നു എന്നാണു വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നതു്. സർവ്വശക്തനായ ദൈവം നമ്മുക്കു എതിരായാൽ നാം പിന്നെ എന്തുചെയ്യും!

## 11. ഈ മാസത്തെ മദ്ധ്യസ്ഥൻ.

### വി. യൌസേപ്പുപിതാവു. (തിരുനാൾ മാർച്ചു 19).

ഈ മാസം വി. യൌസേപ്പു പിതാവിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതാണല്ലോ. അതിനാൽ കുഞ്ഞുമക്കൾ ഈ പിതാവിനെ തങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനായി തെരഞ്ഞെടുത്തു വണങ്ങി കൊണ്ടാടണം. ഉണ്ണിമ്ശിഹായുടെ ഈ പരദേശവാസത്തിൽ ആരാണു് ആ ദിവ്യഉണ്ണിയെ കാത്തുരക്ഷിച്ചുകൊണ്ടുവന്നതു്? ആരാണു ഹേറോദേസിൻെറ വാളിൽനിന്നു പരി

ശുദ്ധ ബാലനെ രക്ഷിച്ചതു്? അതുപോലെ നമ്മെയും കാത്തുകൊള്ളുന്നതിനു ഈ മഹാപിതാവിനോടു പ്രാർത്ഥിക്കണം. ദുഷ്ടപ്പിശാചിന്റെ തട്ടിപ്പുകളിൽനിന്നെല്ലാം അകന്നു നടക്കുന്നതിനു സഹായം അപേക്ഷിക്കണം. "മാർ യൗസേപ്പു പിതാവേ! പാപത്തിൽ വീഴുന്നതിനെക്കാൾ മരിപ്പാൻ ഞങ്ങൾക്കു സഹായം തരേണമേ"

രാമപുരം — ബാലികാബാലസംഘങ്ങൾ.



## 111. കെ. സി. സി. എ. ഡയറി.

ജനറൽ സെക്രട്ടറിമാരുടെ ആലോചനായോഗത്തിൽവച്ചു് കെ. സി. സി. എ. സെൻട്രൽ ഡിപ്പോ ഉടനെ സ്ഥാപിക്കേണ്ടതാണെന്നു തീർച്ചപ്പെടുത്തുകയും, മാന്നാനത്തെ ഡിപ്പോക്കാരെ ആ ഭാരം ചുമതലപ്പെടുത്തുകയും ചെയ്തു. ഡിപ്പോകൾക്കു പത്തു രൂപയ്ക്കു രണ്ടുരൂപവീതം ഡിസ്കൗണ്ടു കൊടുക്കയും, പത്തുരൂപയ്ക്കു നാലണ വീതം പൊതുഫണ്ടിൽ നിക്ഷേപിക്കയും ചെയ്യത്തക്കവണ്ണമാണു് തൽക്കാലം നിശ്ചയിച്ചിരിക്കുന്നതു്. നാലുമാസത്തിലൊരിക്കലെങ്കിലും പത്തു രൂപയ്ക്കു സാമാനങ്ങൾ വാങ്ങിക്കാത്ത ശാഖാ ഡിപ്പോകൾക്കും മററുള്ളവരെപ്പോലെ തന്നെ പത്തിനു ഒന്നരവച്ചേ കമ്മീഷൻ കൊടുക്കേണ്ടതുള്ളു എന്നും നിശ്ചയിച്ചിട്ടുണ്ടു്.

* * *

സെൻട്രൽ ഡിപ്പോ കൊച്ചച്ചന്റെ മേൽനോട്ടത്തിൽതന്നെയിരിക്കുന്നതാണെങ്കിലും ചുമതല മുഴുവൻ ഡിപ്പോക്കാരിൽ ഇരിക്കുന്നതാണു്. അതിലേക്കു ഒരു മാനേജരേയും നിയമിച്ചിട്ടുണ്ടു്. അതിനാൽ മാസപ്പതിവുകളും ഡിപ്പോ സംബന്ധമായ എഴുത്തുകുത്തുകളും എല്ലാം മേലാൽ "മാനേജർ കെ. സി. സി. എ., സെൻട്രൽഡിപ്പോ, മാന്നാനം" എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണു്. സംഘസംബന്ധിച്ച മററു എഴുത്തുകളെല്ലാം എന്റെ പേ

ക്കുതന്നെ അയക്കണം. ഇങ്ങനെ കൊച്ചച്ചന്റെ ഭാരം അല്പ മാത്രം ലഘൂപ്പെട്ടതായില്ലെങ്കിൽ അതു കപ്പാറെടെ വർഷ്യായ ശ്ലോകമേയുള്ളൂ എന്നു കണ്ടു ഇങ്ങിനെ വ്യവസ്ഥ ചെയ്യുന്നതാണ്. കുഞ്ഞുമക്കൾക്കു അതുകൊണ്ടു യാതൊരു അസൌകര്യവും നേരിടാത്തവിധത്തിലെല്ലാം ഏർപ്പാടു ചെയ്തിട്ടുണ്ടു.

* * *

പാട്ടുള്ള എല്ലാ ശാഖാസംഘങ്ങളോടും ഡിപ്പോകളോടും അനുബന്ധിച്ച് പൊതുജനങ്ങൾക്കും ഉപയോഗപ്പെടത്തക്ക ഓരോ വായനശാലയും ആരംഭിക്കണമെന്നു ജനറൽ സെക്രട്ടറിമാരുടെ ആലോചനായോഗത്തിൽ തീർച്ചപ്പെടുത്തിയിട്ടുണ്ട്. ഞായറാഴ്ച ദിവസം ശുദ്ധമായി ആചരിക്കുന്നതിനു ഒരു സഹായമായിത്തീരണമെന്നുള്ളതാണ് ഈ വായനശാലയുടെ ഉദ്ദേശം. സംഘംവകയായി കത്തോലിക്ക പത്രങ്ങൾ മാസികകൾ പുസ്തകങ്ങൾ മുതലായവ ശേഖരിക്കയും, ഞായറാഴ്ച ഇത്രമണി മുതൽ ഇത്രമണിവരെ പൊതുജനങ്ങൾക്കായി അതു തുറക്കപ്പെട്ടിരിക്കുന്നതാണെന്നു പരസ്യപ്പെടുത്തുകയും, മാസം ഒരു ചക്രംവീതം ഒരുചുരുങ്ങിയ ഫീസു തരുന്നപക്ഷം അവടെ സ്വീകരിച്ചു വായനക്കു അനുവദിക്കയും ചെയ്യേണ്ടതാകുന്നു. ഞായറാഴ്ചകളും കടമുള്ള തിരുനാളുകളും ശുദ്ധമായി ആചരിക്കുന്നതിനുള്ള ഒരു മാർഗ്ഗം ഈ വിധത്തിൽ കുഞ്ഞുമക്കൾ എല്ലായിടത്തും ഉണ്ടാക്കിക്കൊടുത്താൽ കർത്താവിനുവേണ്ടി ചെയ്യാൻ പാട്ടുള്ള ഒരു വലിയ പ്രേഷിതജോലിയായിരിക്കും അത്.

* * *

ചെത്തിപ്പുഴയും പാറയിലുമുള്ള ബാലസംഘങ്ങളുടെ ഇക്കൊല്ലത്തെ ക്രിസ്ത്മസ്സ് കാറോളിന്റെ ഫലമായി കിട്ടിയ ഇരുപതോളം രൂപാ വേദപ്രചാരത്തിലേക്കു തോട്ടാശ്ശേരിൽ ബ. ഡൊമ്നിയച്ചനെ ഏൽപ്പിച്ചിരിക്കുന്നതായി അറിയിച്ചിരിക്കുന്നു. ചേന്നൻപള്ളിപ്പുറത്തുനിന്നു ഒരു കേ. സി. സി. എ. സംഘം അരരൂപാ വേദപ്രചാരത്തിനായി അയച്ചിട്ടുള്ളതായും അറിയിച്ചിരിക്കുന്നു. കുഞ്ഞുശ്ലീഹന്മാരുടെ പ്രേഷിതവേലയെ കർത്താവു ആശീർവ്വദിക്കട്ടെ.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ

---

# പുതിയ പ്രസിദ്ധീകരണങ്ങൾ.

## 1. ഗീതാവലി.

മിസ്സ് മേറി ജോൺ തോട്ടം.
കുറവിലങ്ങാട്.
വില ചക്രം എട്ടു.

കേരളഭാഷാ സാഹിത്യത്തിൽ ക്രിസ്ത്യാനികൾക്കുള്ള സ്ഥാനം തീരെ അനാശാസ്യമായിരിക്കുന്ന ഇക്കാലത്തു ഈ ഗ്രന്ഥകർത്രിയെപ്പോലെ നല്ല വാസനാബലവും ശേഷിയുമുള്ളവരുടെ സാഹിത്യ പരിശ്രമം ഭാഷയ്ക്കും സമുദായത്തിനും വലിയൊരനുഗ്രഹമായിരിക്കും. പാനകളുടെയും പവ്വങ്ങളുടെയും കാലം കഴിഞ്ഞതിൽ പിന്നെ സാഹിത്യഭണ്ഡാഗാരത്തിൽ വിലയുള്ള സമ്പാദ്യങ്ങൾ നിക്ഷേപിച്ചിട്ടുള്ളത് ചുരുങ്ങിയ കാലത്തിനപ്പുറം മാത്രമാകുന്നു. കത്തോലിക്കസാഹിതീകുടുംബത്തിലെ ഒരു കാരണവരെന്നു പൊതുവേ പറയപ്പെടുന്ന മഹാകവി കട്ടക്കയം തെളിച്ചുകാണിച്ചിട്ടുള്ള ക്രൈസ്തവമനോഭാവാനുസൃതമായ ചിന്താപന്ഥാവിലൂടെ നമ്മുടെ കരുത്തുള്ള യുവജനങ്ങൾ കവിതാവ്യാപാരം ചെയ്യുന്നതുകൊണ്ടാകുന്ന ആ സമ്പാദ്യങ്ങൾ ഭാഷയ്ക്കുണ്ടാകുന്നത്. ഈവക പരിശ്രമങ്ങളിൽ ശ്രീമതി മേരി അധഃസ്ഥിതമല്ലാത്ത ഒരു സ്ഥാനത്തെ അർഹിക്കുന്നു ഇപ്പോൾ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗീതാവലി പലപത്രമാസികകളിലായി ഇതിനു

മുൻപുതന്നെ മുദ്രിതമായ പതിന്നാലുഖണ്ഡകാവ്യങ്ങളെ കൂട്ടിച്ചേർത്തിട്ടുള്ളതാണ്. ശ്രീമതി മേരിയുടെ കവിതാരീതിയെക്കുറിച്ചു ഇവിടെയെന്തെങ്കിലും പറഞ്ഞു വായനക്കാരെ മനസ്സിലാക്കേണ്ടതായിട്ടില്ല. കവിത ഹൃദ്യവും രീതി സുഗമവുമാകുന്നു. മലയാളികൾക്കു, പ്രത്യേകിച്ചും ക്രിസ്ത്യാനികൾക്കു നിർഭയം വായിച്ചുരസിക്കാവുന്ന ഒരുത്തമകൃതിയാണ് ഈ ഗീതാവലിയെന്നു നിസ്സംശയം പറയാവുന്നതാണ്.

2. ഗിരിപ്രഭാഷണം.

കെ. ലോനപ്പൻ ഹെഡ്മാസ്റ്റർ തൊറസ്സൽ.

വില നാലണ.

സാക്ഷാൽ കവിതയുള്ള കത്തോലിക്ക യുവാക്കന്മാർ അവിടവിടെ പ്രത്യക്ഷപ്പെട്ടുവരുന്നതു സമുദായാഭിമാനികൾക്കു അത്യന്തം ചാരിതാർത്ഥ്യജനകമാണെന്നു പറയേണ്ടതില്ലല്ലൊ. ഈ കൂട്ടത്തിലൊരാളാണ് ശ്രീമാൻ കെ. ടി. ലോനപ്പനവർകൾ. അദ്ദേഹത്തിന്റെ കവിതാമാധുര്യം ഞങ്ങൾ ആസ്വദിച്ചുതുടങ്ങിയിട്ടു കുറേക്കാലമായിട്ടുണ്ട്. ദിവ്യരക്ഷകന്റെ മലയിലെ മനോഹരമായ പ്രസംഗം ഗാഥാരീതിയിൽ വിവർത്തനം ചെയ്തിട്ടുള്ള ഈ പദ്യതല്ലജം അദ്ദേഹത്തിന്റെ കവിതാവാസനയും, ഭാഷാവിചക്ഷണതയും, ഭക്തിപ്രചുരിമയും സവിശേഷം പ്രത്യക്ഷമാക്കുന്നുണ്ട്.

# വർത്തമാന സംഗ്രഹം.

## കേരളം.

അടുത്ത ഒക്ടോബർ മാസത്തിൽ ഇൻഡ്യാ വൈസ്രോയി തിരുവിതാംകൂർ സന്ദർശിക്കുമെന്നു കേൾക്കുന്നു.

കോഴിക്കോട്ടു തപാലാഫീസിലെ ഒരു ശിപായി കള്ളയൊപ്പിട്ടു ഒരു മണിയോഡർ അപഹരിച്ച കുറ്റത്തിനു സെഷ്യൻ ജഡ്ജി അയാൾക്കു അഞ്ചുകൊല്ലത്തെ കഠിനതടവു ശിക്ഷ വിധിച്ചിരിക്കുന്നു.

റവ. ഫാദർ എലിസേവൂസ് സി. ഡി. എം. എ. അവർകൾ മിഷ്യനറിയായി ഇൻഡ്യയിൽ വന്നതിന്റെ അമ്പതാംവത്സര ജൂബിലി കഴിഞ്ഞമാസം 7—ാംനു തിരുവനന്തപുരത്തു പാങ്ങോട്ടു ആശ്രമത്തിൽ വച്ചു കേമമായി ആഘോഷിച്ചിരിക്കുന്നു.

ദിവാൻ മി. വാട്സിന്റെ ഉദ്യോഗകാലാവധി രണ്ടുകൊല്ലത്തേക്കു നീട്ടികൊടുക്കുന്നതാണെന്നു് അറിയുന്നു.

പകൽസമയത്തു കണ്ണുകാണാൻ പാടില്ലാതെയും എന്നാൽ രാത്രിയിൽ ഇരുട്ടു എത്രയും അധികരിച്ചിരിക്കുമോ അത്രയും കാഴ്ച കൂടുതലുള്ളതായും ഒരു ബാലൻ കൊടുങ്ങല്ലൂർ ഉള്ളതായിഅറിയുന്നു.

തിരുവിതാംകൂർ റീജൻറു മഹാറാണി തിരുമനസ്സുകൊണ്ടു ദേഹസുഖാർത്ഥം പീരുമേട്ടിൽ എഴുന്നള്ളി താമസിച്ചുവരുന്നു.

## ഇൻഡ്യാ.

ഇൻഡ്യയുടെ പുതിയ തലസ്ഥാനമായ ന്യൂഡൽഹിയിൽ പണിയിപ്പാൻ നിശ്ചയിച്ചിരിക്കുന്ന കത്തോലിക്കാ ദേവാലയത്തിന്റെ പണി വേഗത്തിൽ നടത്തുന്നതിനു ദലഗാദപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു ഉത്സാഹിച്ചുവരുന്നതായി കാണുന്നു.

സൈമൺകമ്മീഷൻ ബോംബയിലെത്തിയ അവസരത്തിൽ ഇൻഡ്യാ ഒട്ടുക്കു ഹർത്താൽ അനുഷ്ഠിക്കയുണ്ടായി. മദ്രാസിൽ തൽസംബന്ധമായി ചില ലഹളകളും ജീവനാശങ്ങളും നേരിട്ടു. കമ്മീഷൻ ചില വാഗ്ദാനങ്ങളെല്ലാം ചെയ്തെങ്കിലും അവരോടു സഹകരിക്കേണ്ടതില്ലെന്നുതന്നെയാണു നേതാക്കന്മാർ ഇപ്പോഴും തീർച്ചപ്പെടുത്തിയിരിക്കുന്നതു്.

# മനോഗുണവിവരങ്ങൾ

ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു കൃപാ മുമ്പേറടച്ചു അപേക്ഷിക്കുന്നു.

കാലംചെയ്ത കുയ്യാളശ്ശേരിൽ മാർതോമ്മാമെത്രാന്റെ സഹായത്താൽ ഒരു വലിയ കാര്യം സാധിച്ചതിനു ഉപകാരസ്മരണ ചെയ്യുന്നു. സി. ജെ.. ആതിരമ്പുഴ.

ഈശോയുടെ തിരുഹൃദയത്തിന്റെയും ദേവമാതാവിന്റെയും ചെറുപുഷ്പത്തിന്റെയും സഹായത്താൽ വളരെ വിഷമത്തിലരുന്ന സംഗതികൾ സാധിച്ചതിനുപകാരസ്മരണ. ജി. വി. എം. മുണ്ടയ്ക്കൽ.

വി. കൊച്ചുത്രേസ്യായുടേയും കുയ്യാളശ്ശേരിൽ മാർതോമ്മാമെത്രാനച്ചന്റെയും സഹായത്താൽ അപകടകരമായ ദീനം ഭേദപ്പെട്ടതിന്.

ജോസഫ് നെൽപ്പുര ചങ്ങനാശേരി.

• അത്ഭുതപ്രവൎത്തകയായ വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥത്താൽ എന്റെ മകൻ ബി. എൽ. പരീക്ഷ ജയിച്ചതിനും അതിനു പിന്നീടു അവനുണ്ടായ അപകടകരമായ ദിനത്തിൽനിന്നു രക്ഷപെട്ടതിനും ഉപകാരസ്മരണ. ഏ സി. റി.

വിശുദ്ധ യൌസേപ്പ പിതാവിന്റെ സഹായത്താൽ പരീക്ഷയിൽ ജയിച്ചതിന്.

സ്കർ ഏ. മുണ്ടയ്ക്കൽ.

കുസുമത്തിൽ പ്രസിദ്ധം ചെയ്തുകൊള്ളാമെന്നുള്ള നേർച്ചയോടുകൂടി മാർ യൌസേപ്പ പിതാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ച ഒരു കാര്യം സാധിച്ചതിന്.

എം. വി. ഐ. ചേർത്തല.

വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ മദ്ധ്യസ്ഥതയാൽ ആശിച്ചിരുന്നതുപോലെ ഒരു കേസു എനിക്കു ഗുണകരമായി തീൎന്നതിന്.

എം. ഡി. ജോസഫ് കാഞ്ഞിരപ്പള്ളി.

വി. യൌസേപ്പ പിതാവിന്റെ സഹായത്താൽ ഒരു കാര്യം സാധിച്ചതിന്.

എം ദേവസ്യാ കളത്തൂർ.

തിരുഹൃദയത്തിന്റെയും വി. കൊച്ചുത്രേസ്യാപുണ്യവതിയുടേയും സഹായത്താൽ അപേക്ഷിച്ച കാര്യം സാധിച്ചതിന്.

മറിയക്കുട്ടി തുയത്തുമഠം കൊല്ലം.

ഈശോയുടെ തിരുഹൃദയത്തിന്റെ കുടുംബപ്രതിഷ്ഠ കഴിച്ചതിന്റെ ഫലമായി എനിക്കു പിടിപെട്ടിരുന്ന കഠിനമായ പനി വേഗം ഭേദമായതിന്. സി. എം. ഭരണങ്ങാനം.

വിശുദ്ധ കൊച്ചുത്രേസ്യായുടേയും വിശുദ്ധ അന്തോനീസിന്റെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

കെ. ജെ. വി. ആയവന.

കുയ്യാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചന്റെ സഹായത്താൽ റബറിന്റെ എലിശല്യം നീങ്ങിക്കിട്ടിയതിനു ഉപകാരസ്മരണ.

കണിക്കുന്നേൽ പാപ്പൻ തമ്പലക്കാട്.

മാർ യൌസേപ്പുപുണ്യവാന്റെയും വിശുദ്ധ കൊച്ചുത്രേസ്യായുടേയും സഹായത്താൽ എന്റെയും സഹോദരിയുടേയും അപകടകരമായ സുഖക്കേടുകൾ ഭേദമായതിന്.

കെ. ഏ. കുരുവിള മുട്ടുചിറ.

# ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

മുത്തോലപുരം ഇടവക അരഞ്ഞാണി പുത്തൻപുരയിൽ ആഗസ്തീനോസു അവുസേപ്പ ഫെബ്രുവരി 3-ാംനു- 46 വയസ്സ്.

കുറവിലങ്ങാട്ടു ഇടവക മററത്തിൽ ബ. കയ്യച്ചന്റെ സഹോദരൻ അബ്രാഹം ഫെബ്രുവരി 4-ാം 21 വയസ്സ്.

മലപ്പുറത്തു ഇടവക വടക്കെത്തൊട്ടിൽ കയ്യൻ ജനുവരി 23-ാനു- 81 വയസ്സ്.

എറണാകുളം സുറിയാനിപ്പള്ളി ഇടവക നടുവത്തുശ്ശേരിൽ ജോസഫ് മകൾ മേരി ജനുവരി 30-ാംനു-

രാമപുരം ഇടവക തെക്കേടത്തു മത്തായി അന്ന ജനുവരി 31-ാംനു- 91 വയസ്സ്.

# പഞ്ചാംഗം.

എപ്പകത്തി വ്വ. ഞായറാഴ്ച അക്ഷരം .2.൭

.൧൦൩

## ൧൯൨൮ മാർച്ചു. – ൧൧൦൩ കുംഭം. – മീനം.

| | | | | |
|---|---|---|---|---|
| 1 | 18 | വ്യാ | ന. കു. ആ. ... . ... | റോ. |
| 2 | 19 | വെ | ✻ ന. ക. ഈസ്ട്രിആ. ന. ആ. കു. പെ. പട്ടം ൧൭ (൧൭) ഒ. നേ. | ച്ചു. |
| 3 | 20 | ശ | ന. കു. ആ. പട്ടം. ... ... | റോ. |
| 4 | 21 | ഞാ | ✠ നോമ്പു 2–ാം ഞാ. ന. കു. ആ. .൦൨ .൧൭ .൧൮ | റോ. |
| 5 | 22 | തി | ✻ മൗ. കാസ്സീർ ഇന്നലെ ന. ആ. കു. പെ. | വെ. |
| 6 | 23 | ചൊ | ✻ അ. മൗ. മ. ക്രൂർല്ലോസ്സ് ന. ആ. കു. പെ. | വെ. |
| 7 | 24 | ബു | മൗ. മ. തോമ്മാ ന. ആ. കു. പെ. | വെ. |
| 8 | 25 | വ്യാ | ✻ മൗ. യോഹന്നാൻ ന. ആ. കു. പെ. | വെ. |
| | | | പാലാ വലിയപള്ളി നാല്പതുമണി ആരംഭം. | |
| 9 | 26 | വെ | ✻ ന. ക. തിരുപ. ന. ആ. കു. പെ. ൧൭ (✻൧൭) ഒ. നേരം | ച്ചു. |
| 10 | 27 | ശ | പാ. വേദ. ലൂസിയോസ്സ് ഈശോ. 4 ന. ആ. കു. പെ. | ച്ചു. |
| 11 | 28 | ഞാ | ✠ നോമ്പു 3–ാം ഞാ. ന. കു. ആ. .൧൮ .൧ .൨ | റോ. |
| 12 | 29 | തി | പാ. മൗ. മ. ഗ്രിഗോരിയോസ്സ് ന. ആ. കു. പെ. | വെ. |
| 13 | 30 | ചൊ | ന. കു. ആ. ... ... | റോ. |
| | | | ഏൽത്തുരുത്തു നാല്പതുമണി ആരംഭം. | |
| 14 | 1 | ബു | ന. കു. ആ. ... ... | റോ. |
| 15 | 2 | വ്യാ | ന. കു. ആ. ... ... | റോ. |
| 16 | 3 | വെ | ✻ ന. ക. തിരുമുറി. ന. ആ. കു. പെ. ൨൧ (✻൨൧) ഒരുനേ. | ച്ചു. |
| 17 | 4 | ശ | ✻ അ. മൗ. പത്രിത്തീസ്സ് ന. ആ. കു. പെ. | വെ. |
| 18 | 5 | ഞാ | ✠ നോമ്പു 4–ാം ഞാ. ന. കു. ആ. .൧൯ .൧ .൧൮ | റോ. |
| 19 | 6 | തി | മാർ യൌസേപ്പു ന. കു. പെ. ... | വെ. |
| 20 | 7 | ചൊ | ✻ വന. അബ്രാഹം ഈശോ. 16 ന. ആ. കു. പെ. | വെ. |
| ● 21 | 8 | ബു | ആബാ ബെനദിക്തോസ്സ് ന. ആ. കു. പെ. | വെ. |
| 22 | 9 | വ്യാ | ന. കു. ആ. ... ... | വെ. |
| 23 | 10 | വെ | ✻ ന. ക. തിരുരക്തം ന. ആ. കു. പെ. ✻൨൧ (✻൨൧) ഒ. നേ. | ച്ചു. |
| 24 | 11 | ശ | ന. കു. ആ. ... ... | റോ. |
| 25 | 12 | ഞാ | ൧൧൩൨ നോമ്പു 5–ാം ഞാ. ന. കു. ആ. .൦൨ .൦ .൨ | റോ. |
| | | | കന്യകമറി. മംഗലവാർത്താ. ന. കു. പെ. | വെ. |
| 26 | 13 | തി | ന. കു. ആ. ... ... | റോ. |
| 27 | 14 | ചൊ | ✻ മൗ. മ. യോഹന്നാൻ ദമ്മ. ന. ആ. കു. പെ. | വെ. |
| 28 | 15 | ബു | ✻ ഗെവറിയേൽ മാലാഖം. ഈശോ 18 ന. ആ. കുപെ. | വെ. |
| 29 | 16 | വ്യാ | ന. കു. ആ. ... ... | റോ. |
| 30 | 17 | വെ | ✻ ക. മ. 7 വ്യാകുലം ന. ആ. കു. പെ. ✻൧൯ (൨൧) ഒരുനേ. | വെ. |
| 31 | 18 | ശ | ന. കു. ആ. ... ... | റോ. |

Printed and Published for the proprietor by P. K. Joseph at the
St. Joseph's Press, Mannanam. 1928.